AKPCTA

കേരള പ്രൈവററ്

# കോളേജ് ടീച്ചർ

ജൂൺ 1989




No. 88

# കത്തുകൾ

പി. എഫ്. ലോണെടുക്കാൻ ഇന്നനുഭവപ്പെടുന്ന പ്രയാസങ്ങൾ ഇല്ലാതാക്കാൻ സംഘടന അടിയന്തിരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടു വർദ്ധിക്കുമ്പോഴാണ് ലോണിനപേക്ഷിക്കുന്നത്. സ്വന്തം ശമ്പളത്തിൽ നിന്നും അടയ്ക്കുന്ന തുക ആയിട്ടുകൂടി അത് ലോണായി അനുവദിപ്പിക്കാൻ ആറും ഏഴും മാസം വേണമെന്നുവരുന്നത് കഷ്ടംതന്നെ. ഇക്കാര്യത്തിൽ കോളേജധ്യാപകരെപ്പോലെ മറ്റേതെങ്കിലും വിഭാഗം ബുദ്ധിമുട്ടുന്നുണ്ടാവില്ല എന്നാണ് എനിക്കു തോന്നുന്നത്. ലോണനുവദിക്കാൻ അധ്യാപകൻ കടക്കേണ്ട കടമ്പകളുടെ എണ്ണം കുറച്ചൊന്നുമല്ല. കണ്ണൂരുള്ള അധ്യാപകന്റെ അപേക്ഷ തിരുവനന്തപുരത്തുവരെ സഞ്ചരിച്ചാലേ ഇന്ന് ലോൺ ലഭിക്കുകയുള്ളൂ. ഇത് മാറ്റിയെടുക്കേണ്ട കാലംകഴിഞ്ഞു. അതുപോലെ ശമ്പളത്തിൽനിന്നും പിടിക്കുന്ന പി. എഫ് തുകയുടെ യാതൊരു കണക്കും അധ്യാപകന് അറിയാൻ കഴിയുന്നില്ല. ക്രഡിറ്റ് കാർഡ് അടിയന്തിരമായി ലഭിക്കാൻ സംഘടന ശ്രമിക്കേണ്ടിയിരിക്കുന്നു.

—പ്രൊഫ. പി. ജി. സുകുമാരൻ നായർ
എൻ. എസ്. എസ്. കോളേജ്, പന്തളം.

സ്ഥലംമാറ്റത്തിന്റെ ദുരിതം വളരെയധികം അനുഭവിച്ച ഒരാളാണ് ഞാൻ. സംഘടനയുടെ സമയോചിതമായ പ്രവർത്തനം കൊണ്ട് ഇന്ന് ആ ദുരിതം ഒരളവുവരെ അവസാനിച്ചു. ഒരു യൂണിവേഴ്സിറ്റിയുടെ കീഴിൽനിന്നും മറ്റൊരു യൂണിവേഴ്സിറ്റിയിലേക്ക് ഇനിമേൽ അധ്യാപകനെ മാറ്റാനാവില്ല എന്ന നിയമം എ കെ പി സി ടി എ യുടെ ഇന്നുവരെയുള്ള നേട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതുതന്നെ. എത്രയെത്ര അധ്യാപകരാണ് ഈ നിയമം കൊണ്ടുരക്ഷപ്പെട്ടത്. എന്നാൽ അന്തർസർവ്വകലാശാലാസ്ഥലംമാറ്റം അവസാനിപ്പിച്ച എ കെ പി സി ടി എ അവിടംകൊണ്ട് ആ ശ്രമം നിർത്തിക്കളയരുതെന്നാണ് എന്റെ അഭ്യർത്ഥന. യൂണിവേഴ്സിറ്റിക്കകത്തുള്ള സ്ഥലംമാറ്റത്തിനും വ്യക്തമായ നിയമം ഉണ്ടാക്കാനുള്ള നീക്കങ്ങൾ നടത്തണം. മാനേജ്മെന്റുകളോടു വിധേയത്വമില്ലാത്ത ഒരു സർക്കാർ കേരളത്തിൽ നിലവിലിരിക്കുന്നതുകൊണ്ടുമാത്രമാണ് 'ചരിത്ര പ്രാധാന്യമുള്ള' ഒരു നേട്ടം സ്ഥലംമാറ്റക്കാര്യത്തിൽ എ കെ പി സി ടി എ യ്ക്കുണ്ടായത്. അതിന്റെ തുടർച്ചയായി യൂണിവേഴ്സിറ്റിക്കകത്തുള്ള സ്ഥലംമാറ്റത്തിനും നിയമമുണ്ടാക്കാൻ ഈ സാഹചര്യം സംഘടന പ്രയോജനപ്പെടുത്തുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

—പ്രൊഫ. ജി. ഭാസ്കരൻ, ചേർത്തല.

# അറിയിപ്പുകൾ

## സംസ്ഥാനകമ്മിറ്റി ഓഫീസ്:

ഫോൺ: 77494

എ കെ പി സി ടി എ സംസ്ഥാനകമ്മിറ്റി ഓഫീസിലെ ഫോൺ നമ്പരിൽ മാറ്റമുണ്ട്. പുതിയ നമ്പരാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

ഓഫീസ് വിലാസം: ടി. സി. 28/406
അംബുജവിലാസം റോഡ്
തിരുവനന്തപുരം. 695001

## ട്രഷററുടെ വിലാസം:

മെമ്പർഷിപ്പ് തുക എത്രയും വേഗം പിരിച്ചയയ്ക്കുക. അയയ്ക്കേണ്ട വിലാസം:

പ്രൊഫ: പി. ജി ചന്ദ്രശേഖരൻ നായർ
പരിയാരത്തുപറമ്പിൽ
പുല്ലാട്. പി. ഒ. തിരുവല്ല.

## ജേർണൽ വരിസംഖ്യ, മാറ്റർ

1989 ജൂൺലക്കത്തോടെ പഴയവരിസംഖ്യയുടെ കാലാവധി തീരുന്നു. പുതുതായി വരിസംഖ്യ (പന്ത്രണ്ടുരൂപ) വേഗം അയയ്ക്കുക.

വരിക്കാരുടെ ലിസ്റ്റ് ജൂലൈ ആദ്യവാരംതന്നെ ഇവിടെ ലഭിക്കത്തക്കവിധത്തിൽ നേരത്തേ അയയ്ക്കണം.

വിലാസം:
പ്രൊഫ: കെ പി. ദിവാകരൻ നായർ
മാനേജിംഗ് എഡിറ്റർ, കേരള
പ്രൈവറ്റ് കോളേജ് ടീച്ചർ
ടി സി 3/1206, കേശവദാസപുരം,
തിരുവനന്തപുരം-4

മാറ്റർ എഡിറ്റർക്ക് അയയ്ക്കുക

വിലാസം:
പ്രൊഫ: വി. എൻ. മുരളി
എഡിറ്റർ, കേരള പ്രൈവറ്റ് കോളേജ്
ടീച്ചർ, വസന്തം,
ചെമ്പകശേരി നഗർ, കേശവദാസപുരം
തിരുവനന്തപുരം

## സംസ്ഥാനക്യാമ്പ് കേരളവർമ്മയിൽ

എ കെ പി സി ടി എ പ്രവർത്തകർക്കുവേണ്ടിയുള്ള സംസ്ഥാനതല ക്യാമ്പ് ജൂലൈ മാസത്തിൽ തൃശ്ശൂർ കേരളവർമ്മയിൽ നടക്കും. ആരംഭിക്കുന്ന ദിവസം പുറകേ അറിയിക്കുന്നതാണ്. □

# യു ജി സി ശമ്പള പരിഷ്കാരം നടപ്പിലാക്കണം

അഞ്ചാം ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിച്ചു കഴിഞ്ഞു. അത് പഠിച്ചു നടപ്പിലാക്കാനുള്ള ശ്രമവും ഗവൺമെൻറ് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ കോളജധ്യാപകർക്ക് യു. ജി. സി ശമ്പളനിരക്കുകൾ നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവ് ഉടനടിപുറപ്പെടുവിക്കണമെന്ന് എ കെ പി സി ടി എ ആവശ്യപ്പെടുന്നു.

1973 മുതൽ ഇന്ത്യയിലെമ്പാടും നടപ്പിലാക്കിയ യു ജി സി ശമ്പളനിരക്കുകൾ ഇവിടെമാത്രം നിഷേധിക്കുന്നത് ന്യായീകരിക്കാനാവില്ല ഈ സ്കെയിൽ നേടിയെടുക്കുന്നതിനുവേണ്ടി എ കെ പി സി ടി എ യുടെ നേതൃത്വത്തിൽ കഴിഞ്ഞ പതിന്നാലുവർഷമായി സമരം തുടർന്നു വരികയാണ്. മുൻഗവൺമെൻറുകൾ ഈ സമരങ്ങളെയൊക്കെ ഡൈസ്നോൺകൊണ്ടും, ഒരു ദിവസം പണി ചെയ്തില്ലെങ്കിൽ അറുപതു ദിവസത്തെ ശമ്പളംതടയുന്ന കാടൻ നിയമംകൊണ്ടും നേരിടുകയാണുണ്ടായത്. എന്നാൽ ഇതുകൊണ്ടൊന്നും പിൻമാറാതെ സംഘടന ഈ ആവശ്യം നേടിയെടുക്കുന്നതിനായി സമരരംഗത്തുറച്ചു നിന്നു. 1981 ൽ എ കെ പി സി ടി എ യും എ കെ ജി സി ടി യും സംയുക്തമായി നടത്തിയ സമരപരിപാടികളാണ് യു ജി സി നിരക്കുകൾ കേരളത്തിലെ കോളേജധ്യാപകൻെറ അവകാശമായി സ്ഥാപിച്ചെടുക്കാൻ സഹായിച്ചത്. ഗവൺമെൻറിനെക്കൊണ്ട് തത്ത്വത്തിലെങ്കിലും ഇതംഗീകരിപ്പിക്കാൻ അന്നു നമുക്കു കഴിഞ്ഞു. അന്നൊക്കെ ഈ സ്കെയിലുകൾ ആകർഷകമല്ലെന്നു പറഞ്ഞ് സമരം ചെയ്യാതിരിക്കുകയും കരിങ്കാലിപ്പണിക്ക് നേതൃത്വം നല്കുകയുമായിരുന്നു ഈ രംഗത്തുള്ള കടലാസു സംഘടനകൾ.

ഇന്ത്യയിലാകെ യു ജി സി സ്കെയിൽ നടപ്പിലാക്കിയെടുക്കാൻ മുന്നിട്ടുനിന്നു പ്രവർത്തിക്കുന്നത് കോളേജധ്യാപകരുടെ ഒരേ ഒരു അഖിലേന്ത്യാ സംഘടനയായ 'ഐഫക്ടോ' ആണ്. കേരളത്തിൽനിന്നും എ കെ പി സി ടി എ യും എ കെ ജി സി ടി യും മാത്രമാണ് ഐഫക്ടോയിലെ അംഗസംഘടനകൾ. 'ഐഫക്ടോ'യുടെ പ്രവർത്തനഫലമായാണ് അഖിലേന്ത്യാതലത്തിലുള്ള ശമ്പളഘടന രൂപംകൊണ്ടതുതന്നെ.

ഇന്നിപ്പോൾ നടപ്പിലാക്കണമെന്നു നമ്മൾ ആവശ്യപ്പെടുന്ന ശമ്പളനിരക്കുകൾ രൂപപ്പെടുന്നതിനും പ്രവർത്തിച്ചിട്ടുള്ളത് 'ഐഫക്ടോ'തന്നെ. സെൻ കമ്മീഷന്റെ നിയമനത്തിനും, കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിപ്പിക്കുന്നതിനും കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദം ചെലുത്തിയതും ഈ അഖിലേന്ത്യാ സംഘടനയാണ്. ഇന്നത്തെ രീതിയിലെങ്കിലും ശമ്പളനിരക്കുകൾ അംഗീകരിച്ചു കിട്ടിയത് 1987 ൽ 'ഐഫക്ടോ'യുടെ നേതൃത്വത്തിൽ നടത്തിയ അഖിലേന്ത്യാ സമരത്തിന്റെ ഫലമാണ്.

ഇത്തരം സമരപ്രവർത്തനങ്ങളിൽ നിന്നൊക്കെ വിട്ടുനില്ക്കുകയും, അഖിലേന്ത്യാ സമരങ്ങളുടെ കാഴ്ചപ്പാടുപോലും ഇല്ലാതിരിക്കുകയും ചെയ്യുന്നവർ ഈ സ്കെയിലിനുവേണ്ടി ഇപ്പോൾ ഒച്ചവച്ചുവരുന്നത് കാണാൻ രസമുള്ള കാഴ്ചയാണ്. കഴിഞ്ഞ പതിന്നാലു വർഷവും ഇതിനുവേണ്ടി നടന്ന എല്ലാ സമരങ്ങളേയും എതിർത്തുപോന്ന ഇക്കൂട്ടർ ഇപ്പോൾ പ്രകടിപ്പിക്കുന്ന 'യു ജി സി' പ്രേമം രാഷ്ട്രീയ ലക്ഷ്യം വച്ചുള്ളതല്ലാതെ ആത്മാർത്ഥമല്ല. ഈ രാഷ്ട്രീയക്കളി കാലിക്കട്ട് യൂണിവേഴ്സിററിയിലാണ് തുടങ്ങിവച്ചത്. ഗവൺമെന്റ് തീരുമാനിക്കേണ്ട നയപരമായ ഒരുകാര്യം, യൂണിവേഴ്സിററി സിൻഡിക്കേററിലെ ഭൂരിപക്ഷം ദുരുപയോഗപ്പെടുത്തി യൂണിവേഴ്സിററിക്കകത്തു മാത്രമായി നടപ്പിലാക്കിയെടുക്കാൻ തീരുമാനിച്ചതിലെ കാപട്യം ഇന്നെല്ലാവർക്കും ബോധ്യപ്പെട്ടു കഴിഞ്ഞു. അധ്യാപകസ്നേഹം ചമഞ്ഞ് യു ജി സി പ്രശ്നം രാഷ്ട്രീയവല്കരിക്കാനുള്ള ശ്രമം അധ്യാപക സമൂഹം അംഗീകരിക്കാത്തതുകൊണ്ടാണ് ഇക്കൂട്ടരുടെ എല്ലാ സമരമുറകളും വൻപരാജയമായിത്തീർന്നത്.

യു ജി സി സ്കെയിലിന് കേരളത്തിലെ കോളേജധ്യാപകർ അർഹരല്ലെന്നും, വേണ്ടത്ര പരീക്ഷായോഗ്യതകൾ അവർക്കില്ലെന്നുമുള്ള ധാരണ പരത്താനുള്ള ശ്രമം ചിലർ നടത്തുന്നുണ്ട്. ഇന്ത്യയിൽ മറെറങ്ങുമില്ലാത്ത ഒരു പുതിയ സാഹചര്യവും കേരളത്തിൽ നിലനില്ക്കുന്നില്ല. മാത്രമല്ല യു ജി സി നിർദേശിച്ച യോഗ്യതകളിൽ അയവുവരുത്തണമെന്നും സംഘടനകൾ ആവശ്യപ്പെടുന്നില്ല. യു ജി സി നിർദേശങ്ങൾക്കനുസരിച്ചുതന്നെ ഇവിടേയും ഈ നിരക്കുകൾ നടപ്പിലാക്കാൻ കഴിയുമെന്നതാണു വസ്തുത പ്രീഡിഗ്രിബോർഡ് രൂപീകരിക്കാത്തതാണ് യു ജി സി ശമ്പളനിരക്കുകൾ നടപ്പിലാക്കാനുള്ള തടസം എന്ന വാദഗതിയിലും യാതൊരർത്ഥവുമില്ല. സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി വരുന്ന എല്ലാ അധ്യാപകർക്കും ഈ സ്കെയിലിനർഹതയുണ്ടെന്നാണ് യു ജി സി നിർദ്ദേശിച്ചിട്ടുള്ളത്. കേരളത്തിൽ പ്രീഡിഗ്രി സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗംതന്നെയാണ്. അപ്പോൾ ഇക്കാര്യത്തിലും ആശങ്കവേണ്ട.

അതുകൊണ്ട് യു ജി സി ശമ്പളനിരക്കുകൾ കേരളത്തിൽ നടപ്പിലാക്കാൻ ഇനി ഒട്ടുംതന്നെ അമാന്തിച്ചുകൂട 1990 മാർച്ച് മുപ്പത് വളരെ അകലെയല്ല. ഈ കാലാവധിക്കകം നടപ്പിലാക്കിയാൽ മാത്രമേ അധികച്ചെലവിന്റെ എൺപതുശതമാനം കേന്ദ്രസർക്കാരിൽ നിന്നും കിട്ടുകയുള്ളു. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും പുതിയ വർദ്ധനവ് നടപ്പിലാക്കിക്കഴിഞ്ഞു. മററിടങ്ങളിൽ അതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. കേരളത്തിനുമാത്രം ഒരു തുരുത്തായി നിലനില്ക്കാനാവില്ല. ഇക്കാര്യത്തിൽ അധ്യാപകരെ ഒരു സമരത്തിലേക്കു തള്ളിവിടാതെ അടിയന്തിരമായി തീരുമാനമെടുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തയ്യാറാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു ☐

## എ കെ പി സി ടി എ
## 31-ാം സംസ്ഥാന സമ്മേളനം

# സംഘശക്തിയുടെ വളർച്ച



വനം വകുപ്പുമന്ത്രി പ്രൊഫ. എൻ. എം. ജോസഫ്, മഹാത്മാഗാന്ധി യൂണിവേഴ്സിററി വൈസ് ചാൻസലർ ഡോ. യു. ആർ. അനന്തമൂർത്തി, ശ്രീ. മാത്യു ടി. തോമസ് എം. എൽ. എ.


ഓരോ പ്രസംഗവും ശ്രദ്ധയോടെ കേൾക്കാൻ ഹാളുനിറഞ്ഞും പുറത്തും അധ്യാപകർ, രാവേറെച്ചെന്നിട്ടും നീണ്ടു നീണ്ടുപോയ റിപ്പോർട്ടിന്മേലുള്ള ഗ്രൂപ്പുചർച്ചകൾ, വിദ്യാഭ്യാസ-സാംസ്കാരിക രംഗങ്ങളിലെ സമകാലീന സംഭവങ്ങളെപ്പററി ആഴത്തിലുള്ള അഭിപ്രായങ്ങൾ, ക്ഷേമനിധി വിതരണം, യാത്ര അയപ്പ്, അത്യുജ്ജ്വലമായ പ്രകടനം—തിരുവല്ലയിൽ മാർച്ച് 10, 11, 12 തീയതികളിൽ നടന്ന സംസ്ഥാന സമ്മേളനം ഏറെ ശ്രദ്ധേയമായിരുന്നു. പത്രപ്രസ്താവനകൾ കൊണ്ടു കാലം കഴിയ്ക്കുന്ന സംഘടനകളാണ് പ്രൈവററ് കോളേജ് മേഖലയിൽ കൂടുതലും. ബ്രാഞ്ച്-ജില്ല-സംസ്ഥാന നിലവാരത്തിൽ സമ്മേളനങ്ങൾ സംഘടിപ്പിച്ചും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പു നടത്തിയും പ്രവർത്തിക്കുന്ന ശൈലി അവർക്കന്യമാണ്. അതിനുള്ള ആൾബലവും അവർക്കില്ല. എ. കെ പി. സി. ടി. എ. പ്രവർത്തകർ തിരുവല്ലയിൽ സംസ്ഥാന സമ്മേളനത്തിനെത്തിയത് ബ്രാഞ്ചുതലംമുതലുള്ള ചിട്ടയായ പ്രവർത്തനത്തിന്റെ പൂർത്തികരണത്തിനാണ്. അ

ധ്യാപകരംഗത്തെ പുതിയ തലമുറയെ ആകർഷിക്കാൻ എ കെ പി സി ടി എ യ്ക്കുമാത്രം കഴിയുന്നതും ഈ ചിട്ട യായ പ്രവർത്തന ശൈലികൊണ്ടാണ്.


മാർച്ച് പത്താംതീയതി ഉച്ചയായ പ്പോഴേക്കും തിരുവല്ല ഗവ: ഗേൾസ് ഹൈസ്ക്കൂൾ പരിസരം അധ്യാപകരെ ക്കൊണ്ടു നിറഞ്ഞു. പ്രതിനിധികളുടെ രജിസ്ട്രേഷൻ,പതാകഉയർത്തൽ.രക്ത സാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ച ന–സംസ്ഥാന സമ്മേളനത്തിന് ആവേ ശകരമായ തുടക്കം.ഉദ്ഘാടന സമ്മേളന ത്തിൽ പ്രസിഡൻറ് പ്രൊഫ. വി നാരായണൻകുട്ടി അധ്യക്ഷതവഹിച്ചു. ശ്രീ. മാത്യു. ടി.തോമസ് എം എൽ എ ആയിരുന്നു ഉദ്ഘാടകൻ. മന്ത്രി ശിവ ദാസമേനോന് വന്നെത്താനായില്ല. ഇ ന്ത്യയ്ക്കനുയോജ്യമായ ഒരു പുതിയ വിദ്യാഭ്യാസനയത്തിനുവേണ്ടി വിദ്യാർ ത്ഥികളും അധ്യാപകരും യോജിച്ചു പോരാടണമെന്ന് ശ്രീ മാത്യു ടി. തോമസ് പറഞ്ഞു. എൻ ജി ഒ യൂണി യൻ പ്രസിഡൻറ് ശ്രീ കെ വി രാജേ ന്ദ്രൻ, ഇന്ത്യൻസാഹചര്യവും, അധ്യാപ കസർവ്വീസ് സംഘടനകളുടെ പ്രസക് തിയും തമ്മിലുള്ള ബന്ധം വിശദീക രിച്ചു. കോളേജധ്യാപക സംഘടനകളിൽ ഗുണപരമായ വളർച്ച നേടാൻ കഴിഞ്ഞ ത് എ കെ പി സി ടി എയ്ക്കുമാത്രമാ ണെന്ന് പ്രൊഫ. ആർ ആർ സി നായർ അഭിപ്രായപ്പെട്ടു. സ്വന്തംനിലനില്പി നോടൊപ്പം ചുററുമുള്ള ജീവിതത്തേക്കു റിച്ചും ചിന്തിക്കുന്നവരായി വളരു മ്പോൾ മാത്രമേ അധ്യാപക ജീവിതം പൂർണ്ണമാകുന്നുള്ളുവെന്ന് അദ്ദേഹം പറഞ്ഞു. ഉദ്ഘാടനത്തെ തുടർന്ന് പ്രതിനിധികളുടെ വിശദമായ ചർച്ച യ്ക്കും വിമർശനത്തിനുംവേണ്ടി വാർ ഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി പ്രൊഫ. പി നരേന്ദ്രൻ അവതരിപ്പിച്ചു. വരവുചെലവു കണക്കുകൾ ട്രഷറർ പ്രൊഫ എസ് വിശ്വനാഥനും അവ തരിപ്പിച്ചു. സ്വാഗതസംഘം,സമ്മേളന പ്രതിനിധികൾക്കായി ഒരുക്കിയിരുന്ന കലാവിരുന്നും ഏറെഹൃദ്യമായിരുന്നു- ശ്രീമന്ദിരം രാജലക്ഷമിയും സംഘവും അവതരിപ്പിച്ച നൃത്തപരിപാടി.

ഒന്നിലധികം സമ്മേളനങ്ങളുടെ സംഗമമായിരുന്നു രണ്ടാം ദിവസം.ത്യാ ഗോജ്വലമായ പ്രവർത്തനത്തിലൂടെ സം ഘടനയ്ക്ക് കരുത്തുപകർന്നശേഷം സർവ്വീസിൽനിന്നും വിരമിക്കുന്ന സം ഘടനാപ്രവർത്തകർക്കുള്ള യാത്ര അ യപ്പ്, സർവ്വീസിലിരിക്കെ മരണമടഞ്ഞ വരുടെ അനന്തരാവകാശികൾക്കായുള്ള ക്ഷേമനിധിവിതരണം,മഹാത്മാഗാന്ധി സർവ്വകലാശാലാ രജിസ്ട്രാറായി നിയ മനം ലഭിച്ച സംഘടനാ വൈസ്പ്രസി ഡൻറ് ഡോ. എം സി ചാക്കോയ്ക്ക് സ്വീകരണം.മുൻജനറൽസെക്രട്ടറി മന്ത്രി എൻ എം ജോസഫ്,വി നാരായണൻകു ട്ടി, പി നരേന്ദ്രൻ, എ ആൻറണി. ജി മാധവൻനായർ, എസ് വിശ്വനാഥൻ എന്നിവർ സംസാരിച്ചു പ്രൊഫ. ആർ ആർ സി ക്ഷേമനിധിവിതരണം ചെയ് തു. ഡോ. എം സി ചാക്കോ സ്വീകരണ ത്തിന് നന്ദി പറഞ്ഞു. പ്രൊഫ. ഗോപീകൃഷ്ണൻ, പ്രൊഫ. എം കെ. ഗംഗാധരൻ, പ്രൊഫ. ഹജുമുഹമ്മദ്, പ്രൊഫ. ടി കെ രാമകൃഷ്ണൻനായർ എന്നിവർ സർവ്വീസിൽ നിന്നും വിരമി ക്കുന്ന അധ്യാപകർക്കുനൽകിയ സ്വീ കരണത്തിന് നന്ദി പറഞ്ഞു.

വിദ്യാഭ്യാസ–സാംസ്കാരിക സ മ്മേളനത്തിൽ ഡോ. യു.ആർ. അനന്തമൂർ ത്തി, ശ്രീ പി ഗോവിന്ദപിള്ള, ശ്രീ കെ ഇ എൻ കുഞ്ഞമ്മദ് എന്നിവർ പങ്കെടു



പ്രസിഡന്റ് പ്രൊഫ. വി. നാരായണൻകുട്ടി പ്രസംഗിക്കുന്നു.
വേദിയിൽ പ്രൊഫ. ആർ. ആർ. സി, മന്ത്രി എൻ. എം. ജോസഫ്, ഡോ. എം. സി, ചാക്കോ.




പി. ഗോവിന്ദപ്പിള്ള, എൻ. രാജശേഖരൻ നായർ, പി. നരേന്ദ്രൻ
ജി. മാധവൻ നായർ, എസ്. വിശ്വനാഥൻ, ജോർജ് സെബാസ്റ്റ്യൻ

ത്തു. വിദ്യാഭ്യാസ രംഗം നവീകരിക്കു ന്നതിൽ അധ്യാപകർക്ക് വലിയ പങ്കു ണ്ടെന്ന് അനന്തമൂർത്തി പറഞ്ഞു. പ്ര തിഭകളെ ആകർഷിക്കുന്നതിനുവേണ്ടി യു ജി സി സ്കെയിൽ കേരളത്തിലും നടപ്പിലാക്കണമെന്ന് അദ്ദേഹം അഭി പ്രായപ്പെട്ടു.


പതിനൊന്നാം തീയതി വൈകുന്നേ രം പ്രൈവററ് കോളേജധ്യാപകരുടെ സംഘടിത് ശക്തിയുടെ ഉജ്ജ്വല പ്രക ടനം തിരുവല്ല പട്ടണത്തിൽ നടന്നു. മു പ്പത്തൊന്നാം സമ്മേളനത്തിൻെറ സന്ദേ ശം വഹിക്കുന്ന ബാനറിനു പിന്നിൽ ആയിരക്കണക്കിന് അധ്യാപകർ അണി നിരന്നു. നിരവധി അധ്യാപികമാരും ജാഥയിൽ പങ്കെടുത്തിരുന്നു യു ജി സി സ്കെയിൽ അനുവദിക്കുക, സ്വ കാര്യമാനേജ്മെൻറുകളെ നിലയ്ക്കു നിർത്തുക, ഗവണ്മെൻറുടെ അവിഹിത നോ മിനേഷനുകൾ റദ്ദാക്കുക, പുത്തൻ വിദ്യാഭ്യാസ നയം ഉപേക്ഷിക്കുക തുട ങ്ങിയ ആവശ്യങ്ങൾ മുദ്രാവാക്യങ്ങളിൽ മുഴങ്ങിനിന്നിരുന്നു.

നിരവധി സർവ്വീസ്- ബഹുജന സംഘടനകൾ പ്രകടനത്തിന് അഭിവാ ദ്യമർപ്പിച്ചു. എൻ ജി ഒ യൂണിയൻ, കെ ജി ടി എ, ബെഫി, കെ എസ് ആർ ടി ഇ എ, കെ പി ടി യു, കെ എസ് ബി ഇ എ, ഡി വൈ. എഫ് ഐ, എസ് എഫ് ഐ, കർഷകസംഘം എന്നിങ്ങ നെ അനേകം സംഘടനകൾ അഭിവാദ ത്തിലൂടെഐക്യത്തിൻെറ ശക്തിപകന്നു.

പ്രകടനത്തിനുശേഷം തിരുവല്ല ചന്ത മൈതാനിയിൽ ചേർന്ന പൊതുസ മ്മേളനം ഇടതുപക്ഷജനാധിപത്യ മുന്ന ണി കൺവീനർ ശ്രീ എം എം ലോറൻസ്



ഡോ. എം. സി. ചാക്കോ, പ്രൊഫ. ഗോപീകൃഷ്ണൻ, പ്രൊഫ. ഹബീബുമുഹമ്മദ്, പ്രൊഫ. എം. കെ. ഗംഗാധരൻ, പ്രൊഫ. ടി. കെ. രാമകൃഷ്ണൻ നായർ.



പൊതുസമ്മേളനത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി കൺവനർ ശ്രീ. എം. എം. ലോറൻസ് സംസാരിക്കുന്നു.

ഉദ്ഘാടനം ചെയ്തു. വർത്തമാന കാല ഇന്ത്യൻ രാഷ്ട്രീയവും, അതിൽ സംഘടനകളുടെ പങ്കും ശ്രീ ലോറൻസ് വിശദീകരിച്ചു. കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ യു ജി സി സ്കെയിൽ നടപ്പിലാക്കുമെന്നും അദ്ദേഹം പറഞ്ഞു. പ്രസിഡൻറ് പ്രൊഫ. വി നാരായണൻകുട്ടി പൊതു സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. പ്രൊഫ: ആർ ആർ സി പ്രസംഗിച്ചു. പ്രൊഫ: പി നരേന്ദ്രൻ സ്വാഗതവും. പ്രൊഫ: ജേർജ് സെബാസ്ററ്യൻ കൃതജ്ഞതയും പറഞ്ഞു.

പതിനൊന്നാം തീയതിയും പന്ത്രണ്ടാം തീയതിയും റിപ്പോർട്ടിൻമേൽ നടന്ന ഗ്രൂപ്പു ചർച്ചകളുടെ വിവരങ്ങൾ പ്രതിനിധി സമ്മേളനത്തെ സജീവമാക്കി. സംഘടനയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാനുള്ള നിർദേശങ്ങളും അംഗങ്ങൾ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം വാർഷിക റിപ്പോർട്ടും കണക്കും സമ്മേളനം പാസ്സാക്കി.

പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പുഫലവും റിട്ടേണിങ് ഓഫീസർ സമ്മേളനത്തിൽ അറിയിച്ചു. എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികളെ യോഗം അനുമോദിച്ചു. ആവേശകരമായ മുദ്രാവാക്യം വിളിയ്ക്കിടയിൽ പ്രസിഡൻറ് പതാക താഴ്ത്തിയതോടെ സമ്മേളന പരിപാടികൾ സമാപിച്ചു. □

---

## കോളേജ് കൗൺസിൽ: മാർഇവാനിയോസിൽ എതിരില്ല

മാർഇവാനിയോസ് കോളേജ് കൗൺസിലിലേയ്ക്കു 1989 ജൂൺ 20ന് നടന്ന തെരഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥികൾ എതിരില്ലാതെ വിജയിച്ചു.

എം. എസ്സ്. ജോർജ്ജ്
ജോണി കെ. ജോൺ,
പി. പി. വർഗീസ്,
എൻ. വിപിൻ ചന്ദ്രൻ,
ഏലിയാമ്മാ കുരുവിള എന്നിവരാണ് വിജയികൾ.

ജസ്ററീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്:

## നടപടി ഉണ്ടാകണം

മുൻഗവൺമെൻറിൻെറ പ്രീഡിഗ്രി ബോർഡ് രൂപീകരണ തീരുമാനം അനവസരത്തിലുള്ളതും ധൃതിപിടിച്ചെടുത്തതുമാണെന്ന് ജസ്ററീസ് നരേന്ദ്രൻ കമ്മീഷൻ അന്വേഷണ റിപ്പോർട്ടിൽ പറയുന്നുണ്ട്. ബോർഡിനെതിരെ ജീവനക്കാരും അധ്യാപകരും നടത്തിയ പണിമുടക്ക് അവരുടെമേൽ അടിച്ചേൽപ്പിച്ചതാണെന്നും കമ്മീഷൻ അംഗീകരിക്കുന്നു സമരത്തെ നേരിടാനെന്നുപറഞ്ഞ്, കേരള–കാലിക്കട്ട് സിൻഡിക്കേററുകളെ സസ്പെൻറുചെയ്തതിലും, ബദൽ ടാബുലേഷൻ സമ്പ്രദായം ഏർപ്പെടുത്തിയതിലും, പരീക്ഷാക്രമക്കേടുകൾ സൃഷ്ടിച്ച് കൂട്ടക്കുഴപ്പം വരുത്തിയതിലും മുൻമുഖ്യമന്ത്രി കരുണാകരനും വിദ്യാഭ്യാസമന്ത്രി ടി.എം. ജേക്കബും കുററക്കാരാണെന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.

ഈ റിപ്പോർട്ടിൻെറ വെളിച്ചത്തിൽ കുററക്കാർക്കെതിരേ കർശന നടപടികൾ ഉണ്ടാകണം. അനേകായിരം വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കിയ സംഭവമാണിത്. റിപ്പോർട്ടിലെ നിഗമനങ്ങൾ പൊതുവിൽ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ അനന്തര നടപടികൾ എത്രയും വേഗം ഉണ്ടാകണമെന്ന് എ കെ പി സി ടി എ ആവശ്യപ്പെടുന്നു.

### ജില്ലാ പ്രസിഡൻറ്

സംഘടനയുടെ കണ്ണൂർ ജില്ലാ പ്രസിഡന്റായി സർസയ്ദ് കോളേജിലെ പ്രൊഫ. കെ. കെ. അബ്ദുൾമജീദിനെയും മലപ്പുറം പ്രസിഡൻറായി മമ്പാട് എം. ഇ. എസ്. കോളേജിലെ പ്രൊഫ. എ. താജുദീനേയും കൊല്ലം ജില്ലാപ്രസിഡൻറായി ശാസ്താംകോട്ട കോളേജിലെ പ്രൊഫ. പി. വിജയൻ പിള്ളയേയും പ്രവർത്തക സമിതി നോമിനേററ് ചെയ്തു.

### ചേർത്തല കോളേജിൽ വിദ്യാഭ്യാസ സെമിനാർ

ചേർത്തല എൻ.എസ്.എസ്. കോളേജിലെ എ കെ പി സി ടി എ ബ്രാഞ്ചിൻെറ ആഭിമുഖ്യത്തിൽ മാർച്ച് 13-ാം തീയതി വിദ്യാഭ്യാസ സെമിനാർ നടന്നു. പ്രൊഫ. ആർ. ആർ. സി. നായർ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രൊഫ.ജി. മാധവൻ നായർ,പ്രൊഫ. പി.നരേന്ദ്രൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പ്രൊഫ. പി. എൻ. ഗംഗാധരൻനായർ സ്വാഗതവും ശ്രീ. ബി. ശ്രീകുമാർ കൃതജ്ഞതയും പറഞ്ഞു.

# എ കെ പി സി ടി എ 31-ാം സംസ്ഥാന സമ്മേളനം ഉയർത്തുന്ന മുദ്രാവാക്യങ്ങൾ

എ കെ പി സി ടി എ രൂപീകൃതമായിട്ട് 31 വർഷം പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. കേരളത്തിലെ സ്വകാര്യ കോളേജ് അധ്യാപകരുടെ കരുത്തുററ സംഘടനയായ എ കെ പി സി ടി എ അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് പുരോഗമനപരമായ നയങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിലും നിസ്തുലമായ പങ്കാണ് വഹിച്ചിട്ടുള്ളത്. സർവ്വകലാശാലകളിൽ ജനാധിപത്യത്തിലധിഷ്ഠിതമായ സ്വയം ഭരണം സ്ഥാപിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗത്ത് കൊടികുത്തി വാണിരുന്ന അഴിമതി ഒരളവുവരെ അവസാനിപ്പിക്കുന്നതിനും ഈ സംഘടന നടത്തിയിട്ടുള്ള നിരന്തരമായ പ്രക്ഷോഭ സമരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. യാതൊരുവിധ സേവന ഭദ്രതയും ഇല്ലാതിരുന്ന, നാടുവാഴിത്തത്തിന്റെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന സ്വകാര്യ കോളേജ് അധ്യാപകരെ സ്വതന്ത്രരാക്കിയതും ഈ കരുത്തുററ പ്രസ്ഥാനമാണ്.

തിരുവല്ലയിൽ വച്ച് മാർച്ച് 10, 11, 12 തീയതികളിൽ നടന്ന എ കെ പി സി ടി എ യുടെ 31-ാം സംസ്ഥാന സമ്മേളനം മുഖ്യമായി ഉയർത്തിയ മുദ്രാവാക്യം ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്നും നിലനിൽക്കുന്ന അഴിമതി നിർമ്മാർജനം ചെയ്യുക എന്നതാണ്. 1978ലെ തൃശൂർ സമ്മേളനം മുഖ്യമായും മൂന്ന് മുദ്രാവാക്യങ്ങളാണ് ഉയർത്തിയത്. മെച്ചപ്പെട്ട വേതനം, നിയമാധിഷ്ഠിത സേവന ഭദ്രത, സംശുദ്ധമായ കലാലയാന്തരീക്ഷം. നമ്മുടെ കലാലയാന്തരീക്ഷം ഇന്ന് കലുഷിതമാണ്. അധ്യാപക നിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനും നൽകേണ്ടിവരുന്ന കോഴ ദിനം തോറും എന്നോണം വർദ്ധിച്ചുവരുന്നു. ഈ അഴിമതി അവസാനിപ്പിക്കുവാൻ സർവകലാശാലകളുടെയും സർക്കാരിന്റെയും ഭാഗത്തു നിന്നും ശക്തമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. സ്വകാര്യ മാനേജ്മെന്റുകളെ സാമൂഹ്യ നിയന്ത്രണത്തിന് വിധേയമാക്കുകയും മാനേജ്മെന്റ് ക്വാട്ടാ സമ്പ്രദായം അവസാനിപ്പിക്കുകയും നിയമനത്തിന് സംസ്ഥാനത്തിനൊട്ടാകെ ഒരു പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കുകയുമാണ് ഇതിന് പോംവഴി.

## 1 യു ജി സി

ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് പ്രതിഭകളെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടിയാണ് സർവ്വകലാശാല കോളേജ് അധ്യാപകർക്ക് അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരു ശമ്പള പരിഷ്കാരം യൂണിവേഴ്സിറ്റി ഗ്രാൻറ് കമ്മിഷൻ നിർദ്ദേശിച്ചത്. വിദ്യാഭ്യാസത്തിനും സാമ്പത്തിക വികസനത്തിനുമായി അഭേദ്യമായ ബന്ധമുണ്ട്. ആ നിലയ്ക്ക് അധ്യാപക രംഗത്തേക്ക് പ്രതിഭകളെ ആകർഷിക്കുവാനും നിലനിർത്തുവാനും ആവശ്യമായ വേതന ഘടന അനിവാര്യമാണ്. ഇന്ന് പ്രതിഭകൾ താരതമ്യേന വൈദഗ്ധ്യം കുറച്ചുമാത്രം

ആവശ്യമുള്ളതും എന്നാൽ സാമ്പത്തിക മായി കൂടുതൽ ആനുകൂല്യങ്ങൾ നേടാൻ കഴിയുന്നതുമായ മേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നു. ഇതിനുപരി സംസ്ഥാനത്തു യു ജി സി സ്കെയിലുകൾ നടപ്പാക്കാതിരിക്കുന്നതു മൂലം പ്രതിഭകൾ അന്യ സംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും പോകുന്ന സ്ഥിതി വിശേഷം സംജാതമായിരിക്കുന്നു. നിലവാരത്തെ പ്രതികൂലമായി ബാധിക്കും. ഈ പ്രതിസന്ധിക്ക് ഏകപരിഹാരം യു ജി സി സ്കെയിലുകൾ നടപ്പാക്കുകയാണ്.

## 2 അദ്ധ്യയന ഗുണനിലവാരം മെച്ചപ്പെടുത്തൽ

1 പ്രീഡിഗ്രി മുതൽ പോസ്റ്റ് ഗ്രാഡുവേററ് തലം വരെ സിലബസ് പരിഷ്കരിക്കുന്നതിനു ആവശ്യമായ വർക്ക്ഷോപ്പുകൾ നടത്തുവാനുള്ള ചുമതല എ കെ പി സി ടി എ ഏറെറടുക്കും.

2 ഇത് പ്രാവർത്തികമാക്കുവാൻ ഇന്നുള്ള ഷിഫ്ററ് സംപ്രദായം അടിയന്തിരമായി അവസാനിപ്പിക്കണം.

3 അദ്ധ്യാപകരെ ശാസ്ത്ര, സാങ്കേതിക സാമൂഹ്യരംഗങ്ങളിൽ ഉണ്ടായികൊണ്ടിരിക്കുന്ന നൂതനാശയങ്ങളുമായി പരിചയപ്പെടുത്തുന്നതിന് ഇന്ന് നിലവിലുള്ള ഫാക്കൽട്ടി ഇംപ്രൂവ്മെൻറ് സംപ്രദായം ശക്തമാക്കണം. അതോടൊപ്പം തന്നെ സ്വതന്ത്രമായ ഗവേഷണത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഈ രംഗത്തു യു ജി സിയും കേന്ദ്ര സംസ്ഥാന സർക്കാരുകളുമായും ബന്ധപ്പെട്ട് എ കെ പി സി ടി എ സമ്മർ ഇൻസ്ററിററ്യൂട്ടുകൾ നടത്താനുള്ള ഉത്തരവാദിത്വം ഏറെറടുക്കും.

ഓരോ കോളേജും ആ കോളേജ് നിലനിൽക്കുന്ന പ്രദേശത്തിൻെറ വികസനത്തിൻെറ സിരാകേന്ദ്രമായി മാറണം. അതിലേക്ക് അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും കോർത്തിണക്കിക്കൊണ്ടുള്ള പ്രവർത്തന പരിപാടിക്ക് എ കെ പി സി ടി എ രൂപം നൽകുന്നതാണ്.

## 3 പ്രിൻസിപ്പൽമാരുടെനിയമനം

പ്രിൻസിപ്പൽമാരുടെ നിയമനത്തിന് 25 വർഷത്തെ സർവ്വീസ് എങ്കിലും ഉണ്ടായിരിക്കണം, എന്ന നിബന്ധന തികച്ചും യുക്തി സഹമാണ്. ഇന്ന് കലാലയാന്തരീക്ഷം കലുഷിതമായിരിക്കുന്നതിനുള്ള മുഖ്യകാരണം അപക്വമതികളായ പ്രിൻസിപ്പൽമാരുടെ ഭരണമാണ്. പുരോഹിത സന്യാസിനി വിഭാഗത്തിൽപ്പെട്ടവർ മാത്രമെ കാര്യക്ഷമത ഉള്ളവരാകൂ എന്ന വാദഗതി തികച്ചും ബാലിശമാണ്. സ്വസമുദായത്തിൽപ്പെട്ട പക്വമതികളായ ധാരാളം അദ്ധ്യാപകർ ഉള്ളപ്പോൾ അവരെ മറികടന്ന് അദ്ധ്യാപന പരിചയം ഇല്ലാത്ത പുരോഹിത വിഭാഗത്തെ നിയമിക്കണമെന്ന് ശഠിക്കുന്നത് അശാസ്ത്രീയമാണ്. മാനേജ്മെൻറിനോടുള്ള കൂറല്ല മറിച്ചു സ്ഥാപനത്തിൻെറ പുരോഗതിയും സൽപ്പേരുമായിരിക്കും പ്രിൻസിപ്പൽ നിയമനത്തിൻെറ മാനദണ്ഡം.

## 4 കരിനിയമങ്ങൾക്കെതിരെ പോരാട്ടം

59-ാം ഭരണഘടനാ ഭേദഗതി, ഹോസ്പിററൽ ആൻറ് അദർ ഇൻസ്ററിട്യൂഷൻസ് ബിൽ, വ്യവസായ തർക്ക ഭേദഗതി ബിൽ തുടങ്ങിയ കരിനിയമങ്ങൾ അമിതാധികാര ശക്തികളുടെ വളർച്ചയ്ക്കും ജനാധിപത്യ സംവിധാ

(ശേഷം 17-ാം പേജിൽ)

# AKPCTA

## Office Bearers for the year 1989-'90

The three day Annual Conference of The All Kerala private College Teachers' Association held at Thiruvalla on 10th, 11th & 12th of March 1989 ended on 12th, electing unanimously the following comrades as the office bearers of the Association for the year 1989-'90.

| | |
|---|---|
| President: | Prof. V. Narayanan Kutty, Guruvayoorappan College, Calicut. |
| Vice President: | Prof. S. Viswanathan, S. N. College, Varkala. |
| General Secretary: | Prof. G. Madhavan Nair, V.T.M.N.S.S. College, Dhanuvachapuram. |
| Treasurer: | Prof. P. G. Chandrasekharan Nair, D. B. Pampa College, Parumala, Mannar. |
| Secretaries: | |
| Kerala University | Prof. T. N. Raman Pillai. V. T. M. N. S. S. College, Danuvachapuram |
| Mahathma Gandhi University | Prof. George Sebastian. K. E. College, Mannanam. |
| Calicut University: | Prof. C. J. Sivasankaran. Christ College, Irinjalakkuda. |
| District Councils: | |
| Trivandrum | |
| President: | Prof. D. Thomas, Mar Ivanio's College, Trivandrum. |
| Secretary: | Prof. K.P. Mathew, S. N. College, Chempazhanthi. |
| Quilon | |
| President: | ........ |
| Secretary: | Prof. P. Haridasan. S. N College, Punalur. |
| Pathanamthitta | |
| President: | Prof. P.J. Pathrose. Catholicate College, Pathanamthitta |
| Secretary: | Prof. P. J. Philip St Thomas College, Kozhencherry. |

| | | |
|---|---|---|
| Alleppey | | |
| | President: | Prof. George Joseph. Christian College, Chengannur. |
| | Secretary: | Prof. K. Vijayadharan. TKMM College, Nangiarkulangara. |
| Kottayam & Idukki | | |
| | President: | Prof. P. Narayana Swamy. St Dominics College, Kanjirappally. |
| | Secretary: | Prof. K. J. John. Basalius College, Kottayam. |
| Ernakulam | | |
| | President: | Prof. T. M. Thomas, Nirmala College, Muvattupuzha. |
| | Secretary: | Prof. D. Salim kumar. S. N. M. College, Maliankara. |
| Trichur | | |
| | President | Paulson C. Thomas. M E S College, Vemballur |
| | Secretary: | Prof. A. M. Krishnan. S. N. College, Nattika. |
| Palghat | | |
| | President: | Prof. K. R. Mohandas. M E S Kallady College, Mannarghat |
| | Secretary: | Prof. G. Prakash, N S S College, Nemmara. |
| Malappuram | | |
| | President: | ........ |
| | Secretary: | Prof. A. Sivaraman. N. S. S. College, Manjeri. |
| Calicut & Wayanad | | |
| | President: | Prof. P. D. John. St Josephs' College. Devagiri. |
| | Secretary: | Prof. Abdul Latheef, Farooq College, Feroke. |
| Cannanore & Kasargode | | |
| | President: | ........ |
| | Secretary: | Prof. N. R. Grama Prakash. S. N. College, Cannanore. |

# എ. കെ .പി. സി. ടി. എ. ജില്ലാ സമ്മേളനങ്ങൾ

## തൃശ്ശൂർ

എ കെ പി സി ടി എ തൃശ്ശൂർ ജില്ലാ സമ്മേളനം ഫെബ്രുവരി 26-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് സെൻറ് തോമസ് കോളേജിൽ വച്ച് സംസ്ഥാന പ്രസിഡണ്ട് പ്രൊഫ:വി. നാരായണൻകുട്ടി ഉത്ഘാടനം ചെയ്തു. പ്രൊഫ: കെ പി. കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് എ കെ പി സി ടി എ നൽകിയ നേതൃത്വപരമായ പങ്ക് പ്രസിഡണ്ട് വിശദീകരിക്കുകയുണ്ടായി. തുടർന്നു നടന്ന വിദ്യാഭ്യാസ സമ്മേളനത്തിൽ പ്രൊഫ: വി. അരവിന്ദാക്ഷൻ 'ഉന്നത വിദ്യാഭ്യാസരംഗത്തെ പുത്തൻ വെല്ലുവിളികൾ' എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. കേന്ദ്രഗവണ്മെൻറ് പുത്തൻ വിദ്യാഭ്യാസ നയത്തിൻെറ കർമ്മ പരിപാടിയുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസം വരേണ്യ വർഗ്ഗത്തിനും സമൂഹത്തിലെ ഒരു ചെറിയ വിഭാഗത്തിനും ആയി പരിമിതപ്പെടുത്തുന്നതിനു പുറമേ, ഓട്ടോണമിയുടെ പേരിൽ സ്വകാര്യമേഖലകളം വ്യവസായ കുത്തകകൾക്കും അടിയറ വെയ്ക്കുകയുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രൊഫസറൻമാരായ കുഞ്ഞിരാമവർമ്മ, ടി. എസ്.ബാലസുബ്രമണ്യൻ, ടി.ഉഷാകുമാരി,എം മുരളീധരൻ,എ.എ. ബേബി, പി. സി. ജോസ്, രാജൻ വട്ടോളി, ബാബു, എം. കെ. ചന്ദ്രൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. പ്രൊഫ. എ.എം കൃഷ്ണൻ സ്വാഗതവും പ്രൊഫ. എം കെ. പത്മനാഭൻ നന്ദിയും പറഞ്ഞു.

ഉച്ചതിരിഞ്ഞുചേർന്ന പ്രവർത്തകയോഗത്തിൽ ജില്ലാ സെക്രട്ടറി സി. ജെ ശിവശങ്കരൻ റിപ്പോർട്ട് അവതരിപ്പിച്ചു ഡോ. മോഹൻകുമാർ, സി. സി. ദിവാകരൻ, ലക്ഷ്മിനാരായണൻ, ഇമാനുവൽ, രാംകുമാർ, എന്നിവർ ചർച്ചയിൽ പങ്കെടുത്തു. വനിതകളടക്കം ധാരാളം അദ്ധ്യാപകർ സമ്മേളനത്തിൽ സജീവമായി പങ്കെടുക്കുകയുണ്ടായി.

## എറണാകുളം

എ കെ പി സി ടി എ എറണാകുളം ജില്ലാ സമ്മേളനം 1989 ഫെബ്രുവരി 25-ന് സെൻറ് ആൽബർട്സ് കോളേജിൽ വച്ച് നടത്തുകയുണ്ടായി. രാവിലെ 10മണിക്ക് പ്രതിനിധി സമ്മേളനം പ്രൊഫ: ജി. മാധവൻ നായർ ഉത്ഘാടനം ചെയ്തു. സ: സി. എ. മാധവൻ (ബഹു: കൊച്ചിൻ മേയർ), പ്രൊഫ: പി. ജി. രവീന്ദ്രൻ (എ കെ ജി സി ടി) സ: പി. കെ. കേശവൻ (എൻ. ജി. ഒ. യൂണിയൻ) എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

11 മണിക്ക് നടന്ന പ്രവർത്തകയോഗത്തിൽ ജില്ലാ സെക്രട്ടറി ശ്രീ. സലിംകുമാർ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ടിൻെറ ചർച്ചയിൽ ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നെത്തിയ പ്രതിനിധികൾ സജീവമായി പങ്കെടുത്തു.

## തിരുവനന്തപുരം

എ കെ പി സി ടി എ തിരുവനന്തപുരം ജില്ലാ സമ്മേളനം 1989 ഫെബ്രുവരി 25 ശനിയാഴ്ച രാവിലെ 10 മണിക്ക് എം ജി കോളേജിൽ ജില്ലാ പ്രസിഡണ്ട് പ്രൊഫ. എസ് ശിവൻെറ അദ്ധ്യ

ക്ഷതയിൽ ചേരുകയുണ്ടായി പ്രൊഫ. എസ്. സോമൻ (ജന: സെക്രട്ടറി, എ. കെ ജി സി ടി.) സമ്മേളനം ഉദ്ഘാടനം ചെയ്തു. കേരളത്തിലെ കോളേജധ്യാപകർക്ക് യു ജി സി സ്കെയിൽ നേടിയെടുക്കുന്ന കാര്യത്തിൽ എ കെ പി സി ടി എ യും എ കെ ജി സി ടി യും പ്രതിജ്ഞാബദ്ധമാണെന്നും എന്നാൽ ഇതിനെ ചിലരുടെയൊക്കെ രാഷ്ട്രീയ കളികൾക്കുള്ള ആയുധമാക്കുന്നതിനെ നാം എന്തു വിലകൊടുത്തും നേരിടുമെന്നും സ:സോമൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

സ: പി. ബാലകൃഷ്ണൻ (ജന: സെക്രട്ടറി, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ: എംപ്ലോയീസ് ആൻറ് വർക്കേഴ്സ്) സ: പി. നരേന്ദ്രൻ, സ: എസ് വിശ്വനാഥൻ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

ഉച്ചയ്ക്കു ശേഷം നടന്ന പ്രവർത്തകസമ്മേളനത്തിൽ ജില്ലാ സെക്രട്ടറി പ്രൊഫ: റ്റി. എൻ. രാമൻ പിള്ള റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫ: ജി. പ്രഭാകരൻ നായർ (വി ടി എം എൻ എസ് എസ് കോളേജ്, ധനുവച്ചപുരം) പ്രൊഫ പി. ഗോപിനാഥൻ നായർ (എം ജി കോളേജ്, തിരുവനന്തപുരം) പ്രൊഫ: ജോണി കെ. ജോൺ (മാർഇവാനിയോസ് കോളേജ് തിരുവനന്തപുരം) പ്രൊഫ: രവീന്ദ്രൻ (എസ് എൻ കോളേജ്, ചെമ്പഴന്തി) പ്രൊഫ: മോഹന കൈമൾ (വി ടി എം എൻ എസ് എസ് എസ് കോളേജ്, ധനുവച്ചപുരം) പ്രൊഫ: ഡി. തോമസ് (മാർഇവാനിയോസ് കോളേജ്, തിരുവനന്തപുരം) തുടങ്ങിയവർ റിപ്പോർട്ടിൻെറ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുകയുണ്ടായി.

3മണിക്ക് ചേർന്ന യാത്ര അയപ്പു സമ്മേളനത്തിൽ ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നും ഈ വർഷം റിട്ടയർ ചെയ്യുന്ന അദ്ധ്യാപകരായ പ്രൊഫ. ബി. മാധവിക്കുട്ടി (എം ജി കോളേജ്, തിരുവനന്തപുരം) പ്രൊഫ: എസ്. ഹജ്ജുമുഹമ്മദ് (എസ് എൻ കോളേജ്, ചെമ്പഴന്തി) പ്രൊഫ: എം കെ ഗംഗാധരൻ (വി ടി എം എൻ എസ് എസ് ധനുവച്ചപുരം) പ്രൊഫ: സഹദേവൻ (എസ് എൻ കോളേജ്, വർക്കല) പ്രൊഫ: രാധാ ചിത്രൻ (എൻ എസ് എസ് കോളേജ്, കരമന) എന്നിവർക്ക് സ്വീകരണം നൽകുകയുണ്ടായി.

ജന: സെക്രട്ടറി പ്രൊഫ:പി. നരേന്ദ്രൻ സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. എ കെ പി സി ടി എ യ്ക്കു നേരിടേണ്ടിവന്ന പല പരീക്ഷണ ഘട്ടങ്ങളിലും സംഘടനയോടൊപ്പം നിന്ന പ്രസ്തുത അദ്ധ്യാപകരുടെ സേവനങ്ങളെ സ്മരിച്ചുകൊണ്ട് പ്രൊഫ: കെ. ആർ. പി. നായർ (എൻ എസ് എസ് കോളേജ് നിലമേൽ), പ്രൊഫ: വിശ്വനാഥൻ (ട്രഷറർ, എ കെ പി സി ടി എ) ശ്രീ തോമസ് ജോർജ് (മാർഇവാനിയോസ് കോളേജ്, തിരുവനന്തപുരം) പ്രൊഫ: രാധാമണി (എം ജി കോളേജ്, തിരുവനന്തപുരം) എന്നിവർ സംസാരിക്കുകയുണ്ടായി. സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് പ്രൊഫ: മാധവിക്കുട്ടി, പ്രൊഫ: എം കെ ഗംഗാധരൻ, പ്രൊഫ: എസ് ഹജ്ജുമുഹമ്മദ് എന്നിവർ മറുപടി പ്രസംഗം നടത്തി.

സമ്മേളനത്തിൽ പ്രൊഫ: ഡോ. എൻ. വാസുദേവൻ നായർ (ബ്രാഞ്ച് സെക്രട്ടറി, എം ജി കോളേജ്) കൃതജ്ഞത രേഖപ്പെടുത്തി.

ജില്ലയിലെ 10 കോളേജുകളിൽ നിന്നും വനിതകളടക്കം ധാരാളം പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുത്തു.

**കോഴിക്കോട്-വയനാട് സെനററ് അക്കാഡമിക് അംഗങ്ങൾക്ക് സ്വീകരണം**

27-2-'89 തിങ്കളാഴ്ച കോഴിക്കോട് അളകാപുരി ഓഡിറേറാറിയത്തിൽ വച്ച് എ കെ പി സി ടി എ കോഴിക്കോട്-വയനാട് ജില്ലാസമ്മേളനം ചേരുകയുണ്ടായി. ഈ സമ്മേളനത്തിൽ കോഴിക്കോട് യൂണിവേഴ്സിറ്റി സെനറ്റിലേക്കും അക്കാദമിക് കൗൺസിലിലേക്കും തിരഞ്ഞെടുക്കപ്പെട്ട എ കെ പി സി ടി എ അംഗങ്ങൾക്ക് സമുചിതമായ സ്വീകരണം നൽകി.

**കോട്ടയം-ഇടുക്കി**

എ കെ പി സി ടി എ കോട്ടയം-ഇടുക്കി ജില്ലാ സമ്മേളനം മാർച്ച് 8-ാം തീയതി ബുധനാഴ്ച 3 മണിക്ക് ബസേലിയസ് കോളേജ് ആഡിറേറാറിയത്തിൽ ചേർന്നു. ജില്ലാ പ്രസിഡൻറ് പ്രൊഫ. കെ. കെ. രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാലാ രജിസ്ട്രാറായി നിയമിതനായ ഡോ. എം. സി. ചാക്കോയ്ക്ക് സമ്മേളനത്തിൽ സ്വീകരണം നൽകുകയുണ്ടായി. എ കെ പി സി ടി എ ജനറൽ സെക്രട്ടറി പ്രൊഫ. പി. നരേന്ദ്രൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രൊഫ. ജോർജ് സെബാസ്ററ്യൻ, പ്രൊഫ. മോഹൻ കുര്യൻ, പ്രൊഫ. പി. രവീന്ദ്രനാഥ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

പ്രൊഫ. ഡോ. എം. സി. ചാക്കോ സ്വീകരണത്തിന് നന്ദിപറഞ്ഞുകൊണ്ട് മറുപടി പ്രസംഗം നടത്തി.

ജില്ലാ സെക്രട്ടറി പ്രൊഫ. കെ. ജെ. ജോൺ സ്വാഗതവും പ്രൊഫ. സി. പി. ജനാർദ്ദനൻ കൃതജ്ഞതയും രേഖപ്പെടുത്തി. ★

(12-ാം പേജിൻെറ തുടർച്ച)

നത്തെ ആകെ തകർക്കുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ പതിറ്റാണ്ടുകൾ തന്നെ പിന്നോക്കം കൊണ്ടുപോകാനുദ്ദേശിച്ചിട്ടുള്ളവയാണ് അക്രഡിറേറഷൻ കൗൺസിൽ രൂപീകരണവും ഓട്ടോണമസ് കോളേജുകൾ സ്ഥാപിക്കലും. ഇത്തരം കരിനിയമങ്ങളെ ചെറുത്തു തോല്പിക്കുവാൻ ഇതര സർവ്വീസ്, ട്രേഡ് യൂണിയൻ സംഘടനകളുമായുള്ള ഐക്യം ഉറപ്പിക്കുവാൻ എ കെ പി സി ടി എ മുൻകൈ എടുക്കുന്നതാണ്.

**5 സ്ഥലംമാററങ്ങൾക്ക് മാനദണ്ഡങ്ങൾ ആവിഷ്കരിക്കുക**

സർവ്വകലാശാലാ പരിധിക്കുള്ളിലെ സ്ഥലമാററങ്ങൾക്ക് നീതിയുക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ചു കിട്ടുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭ സമരങ്ങൾക്ക് എ കെ പി സി ടി എ നേതൃത്വം നൽകുന്നതാണ്.

**6 ദേശീയതയ്ക്കെതിരെ ഉയരുന്ന ഭീഷണി**

ഭാരതത്തിൻെറ ദേശീയത ഏററവും കൂടുതൽ അപകടത്തെ നേരിടുന്ന കാലഘട്ടമാണിന്ന്. വർഗ്ഗീയ വിഘടന ശക്തികൾ ഉയർത്തുന്ന ഭീഷണികളെ പുരോഗമന പ്രസ്ഥാനങ്ങൾക്ക് കാഴ്ചക്കാരെപ്പോലെ നോക്കി നില്ക്കാനാവില്ല. ഇൻഡ്യൻ ഭരണാധികാരികളുടെ പരോക്ഷമായ സഹായവും അസന്തുലിതവികസനവുമാണ് വിഘടനവാദത്തെ പ്രോത്സാഹിപ്പിക്കുന്നത്. ഭാരതത്തിൻെറ അഖണ്ഡതയും ദേശീയതയും കാത്തു സൂക്ഷിക്കുന്നതിന് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾക്ക് എ കെ പി സി ടി എ നേതൃത്വം നൽകുന്നതാണ്. ★

# എ കെ പി സി ടി എ
# 31-ാം സംസ്ഥാന സമ്മേളനം പാസാക്കിയ
# പ്രമേയങ്ങൾ

1 ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രതിഭകളെ ആകർഷിക്കാനും, അക്കാദമിക് നിലവാരം മെച്ചപ്പെടുത്താനും ലക്ഷ്യം വച്ചുകൊണ്ട് യൂണിവേഴ്സിററി ഗ്രാൻഡ് കമ്മിഷൻ ശുപാർശ ചെയ്ത് കേന്ദ്ര സർക്കാർ അംഗീകരിച്ച് പുതുക്കിയ ശമ്പള നിരക്കുകൾ ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 1973 മുതൽ എ.കെ പി സി ടി എ. U G C ശമ്പളനിരക്കുകൾക്കു വേണ്ടി വിവിധ പ്രക്ഷോഭ പരിപാടികൾ നടത്തി വരുന്നു. '73 ലെ U G C ശമ്പള നിരക്കുകൾ കേരളമൊഴികെ മററെല്ലാ സംസ്ഥാനങ്ങളിലും, പലഘട്ടങ്ങളിലായിട്ടാണെങ്കിലും നടപ്പിലാക്കിയിട്ടുണ്ട്. 1-1-86 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ള പുതുക്കിയ യു ജി സി ശമ്പള നിരക്കുകൾ പല സംസ്ഥാനങ്ങളിലും നടപ്പാക്കി കഴിഞ്ഞു കേരളത്തിലെ കോളേജ് യൂണിവേഴ്സിററി അദ്ധ്യാപകർക്കു മാത്രം ഈ ശമ്പള നിരക്കുകൾ നിഷേധിക്കുന്നത് ന്യായീകരിക്കാനാവില്ല. 1-1-86 മുതൽ തന്നെ യു ജി സി ശമ്പള നിരക്കുകൾ മുഴുവൻ കോളേജ് യൂണിവേഴ്സിററി അദ്ധ്യാപകർക്കും നടപ്പിലാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സമ്മേളനം കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

2 യു ജി സി വിഭാവന ചെയ്യുന്ന രീതിയിൽ അദ്ധ്യാപകരുടെ യോഗ്യത മെച്ചപ്പെടുത്തുന്നതിന് കേരളത്തിലെ യൂണിവേഴ്സിററികളിൽ ഇപ്പോൾ വേണ്ടത്ര സൗകര്യങ്ങളില്ല. കൂടുതൽ അദ്ധ്യാപകർക്ക് F I P യുടെ പ്രയോജനം കിട്ടത്തക്കവിധം കൂടുതൽ സീററുകളും കോഴ്സുകളും അനുവദിക്കുവാൻ കേരളത്തിലെ യൂണിവേഴ്സിററികളോടും സർക്കാരിനോടും ഈ സമ്മേളനം അഭ്യർത്ഥിക്കുന്നു.

3 (a) സ്വകാര്യ കോളേജ് മേഖലയിൽ ജീവനക്കാരുടെ നിയമനത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിലും വ്യാപകമായ അഴിമതി നിലവിലുണ്ട്. ലക്ഷക്കണക്കിന് രൂപയാണ് ഈ ഇനത്തിൽ സ്വകാര്യ കോളേജ് മാനേജ്മെൻറ് വർഷംതോറും കോഴയായി വാങ്ങുന്നത്. നിയമനം, പ്രവേശനം സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളിലെ പഴുതുകൾ ഉപയോഗിച്ചാണ് ഈ അഴിമതി മാനേജ്മെൻറ് നടത്തുന്നത്. ജീവനക്കാരുടെ ശമ്പളവും മററും സർക്കാർ നേരിട്ടു നൽകുന്ന ഇന്നത്തെ സാഹചര്യത്തിൽ അദ്ധ്യാപക നിയമനം അഴിമതി വിമുക്തമാക്കാൻ ഉപകരിക്കുന്ന 'റിക്രൂട്ട്മെൻറ് ബോർഡുകൾ' മററു സംസ്ഥാനങ്ങളിൽ നിലവിലുള്ളതുപോലെ, രൂപീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഈ സമ്മേളനം സർക്കാരിനോടഭ്യർത്ഥിക്കുന്നു.

b വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച നിയമങ്ങളിൽ താഴെ പറയുന്ന മാററങ്ങൾ വരുത്തണമെന്ന് ഈ സമ്മേളനം യൂണിവേഴ്സിററികളോടും സർക്കാരിനോടും അഭ്യർത്ഥിക്കുന്നു.

Open merit -- 60%

Community quota – 20%
Sc/St preseruation – 20%

4 അദ്ധ്യാപകർക്ക് അവകാശപ്പെട്ട ലീവ്, ഇംക്രിമെൻറ് എന്നിവ അനുവദിക്കുന്നതിൽ പല സ്വകാര്യ കോളേജ് മാനേജ്മെൻറുകളും കുററകരമായ അനാസ്ഥ കാണിക്കുന്നുണ്ട്. അദ്ധ്യാപകരെ പീഡിപ്പിക്കുന്നതിനുള്ള ആയുധമായിട്ടാണ് പല മാനേജ്മെൻറുകളും ഈ അധികാരം പ്രയോഗിക്കുന്നത്. ഈ സാഹചര്യത്തിൽ അദ്ധ്യാപകർക്ക് അർഹതപ്പെട്ട ലീവും, ഇംക്രിമെൻറ് എന്നിവ അനുവദിക്കാനുള്ള അധികാരം പ്രിൻസിപ്പലിന് നൽകിക്കൊണ്ട ഉത്തരവു പുറപ്പെടുവിക്കണമെന്ന് ഈ സമ്മേളനം സർക്കാരിനോടഭ്യർത്ഥിക്കുന്നു.

5 കേരള, മഹാത്മാഗാന്ധി സർവ്വകലാശാലകളിലുള്ളതുപോലെ പ്രിൻസിപ്പൽ നിയമനത്തിൽ 25 കൊല്ലത്തെ അദ്ധ്യാപന പരിചയമുണ്ടായിരിക്കണമെന്ന നിയമം കോഴിക്കോട് സർവ്വകലാശാലയിലും ബാധകമാക്കാൻ വേണ്ട നടപടി കൈക്കൊള്ളണമെന്ന് സർക്കാരിനോടും കോഴിക്കോട് സർവ്വകലാശാലയോടും അഭ്യർത്ഥിക്കുന്നു.

6 കോർപറേഷൻ മാനേജുമെൻറുകളുടെ കീഴിലുള്ള അദ്ധ്യാപകരെ യാതൊരു തത്വദീക്ഷയുമില്ലാതെ സ്ഥലംമാററിക്കൊണ്ടിരിക്കുന്ന മാനേജ്മെൻറ് നടപടിക്കൊരു പരിധിവരെ വിരാമമിട്ടുകൊണ്ട് യൂണിവേഴ്സിററി നിയമനങ്ങളിലെ 64, 68 വകുപ്പുകൾ നടപ്പിലാക്കിയ കേരള സർക്കാരിനെ ഈ സമ്മേളനം അനുമോദിക്കുന്നു. യൂണിവേഴ്സിററി പരിധിക്കുള്ളിലുള്ള കോളേജുകളിലെ അദ്ധ്യാപകരുടെ സ്ഥലമാററത്തിന് ഇപ്പോൾ വ്യക്തമായ വ്യവസ്ഥകളില്ല. ഈ പഴുത് ഉപയോഗിച്ച്, 64-ാം വകുപ്പ് നടപ്പിലാക്കിയ സന്ദർഭത്തിൽ ഒട്ടേറെ അദ്ധ്യാപകരെ അസൗകര്യമായി സ്ഥലം മാററി ദ്രോഹിച്ചിട്ടുണ്ട്. ഇതിനൊരറുതി വരുത്തുവാൻ intra university സ്ഥലം മാററത്തിനും ഗവൺമെൻറ് കോളേജുകളിൽ നിലവിലുള്ളതുപോലെ, മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പാക്കണമെന്ന് സർക്കാരിനോട് ഈ സമ്മേളനം അഭ്യർത്ഥിക്കുന്നു.

---

## സാമൂഹ്യ സാംസ്കാരിക പ്രശ്നങ്ങളിൽ പ്രതികരിക്കുക.

ജാതിമതവർഗ്ഗീയ പിൻതിരിപ്പൻ ശക്തികൾ ലോകസമാധാനത്തിനും ദേശീയഭദ്രതക്കും ജനാധിപത്യത്തിനും പുരോഗമനാശയങ്ങൾക്കെതിരായുയർത്തുന്ന വെല്ലുവിളികൾക്കെതിരെ നമ്മുടെ സംഘടന പ്രതികരിക്കേണ്ടതാണെന്ന് 31-ാം സംസ്ഥാന സമ്മേളനത്തിൽ പ്രതിനിധികൾ നിർദ്ദേശിക്കുകയുണ്ടായി. സ: സാഫ്ദർ ഹശ്മിയുടെ നീചമായ കൊലപാതകത്തിലും സാക്മൻ റഷ്ദിക്കുനേരെ മത മൗലികവാദികൾ ഉയർത്തിയിരിക്കുന്ന വധഭീഷണിയിലും പ്രതിനിധികൾ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി.

# പുതിയ സിൻഡിക്കേററ് അംഗങ്ങൾ

**കേരള യൂണിവേഴ്സിററി**
**(മാർച്ച് 31 1989)**

1 പ്രൊഫ. പി. നരേന്ദ്രൻ (എ കെ പി സി ടി എ)
2 പ്രൊഫ. പി. കെ. മാധവൻ നായർ (എ കെ ജി സി ടി )
3 സ: ജി. സുധാകരൻ (സി പി എം)
4 സ: എസ്. എസ്. പോററി (സി പി എം)
5 സ: കെ. വി. ദേവദാസ് (കെ ജി ററി എ)
6 പ്രൊഫ. ധനപാലൻ (പ്രിൻസിപ്പൽ,ഗവ. സംസ്കൃതകോളേജ്)
7 സ: സുജാത (എസ് എഫ് ഐ)
8 പ്രൊഫ. നാരായണൻ നായർ (ലോ അക്കാഡമി)
9 പ്രൊഫ. വി. രാജൻ (എസ് എൻ കോളേജ് കൊല്ലം)
10 പ്രൊഫ. ശരത് ചന്ദ്രൻ (യൂണിവേഴ്സിററി ടീച്ചേഴ്സ്)
11 ശ്രീ. വി. എസ്. ഹരീന്ദ്രനാഥ് (കോൺ. ഐ)
12 ശ്രീ. രാജാരാമൻ നായർ (കോൺ. ഐ)
13 ഫാ: കെ. എ. അബ്രഹാം (പ്രിൻസിപ്പൽ ഗവ. ട്രെയിനിംഗ് കോളേജ്. പത്തനാപുരം)

**കോഴിക്കോട് യൂണിവേഴ്സിററി**
(28-2-'89)

1 പ്രൊഫ. കെ. ദാമോദരൻ (എ കെ പി സി ടി എ)
2 പ്രൊഫ.പി.കെ. നാരായണൻ (യൂണിവേഴ്സിററി ടീച്ചേഴ്സ്)
3 സ: ദക്ഷിണാമൂർത്തി (സി പി എം)
4 സ: എച്ച്. കെ. പിഷാരടി (സി പി എം)
5 ശ്രീ. ശങ്കരൻകുട്ടി
6 ശ്രീമതി ഐഷാ ഗുഹരാജ്
7 ഫാ. പോാം ആലപ്പാട്ട്
8 ശ്രീ. അബ്ദുള്ളാകുട്ടി
9 ശ്രീ. പി. ഡി. ആൻറണി
10 ശ്രീ. സി. ഡി. ജോർജ്ജ്
11 പ്രൊഫ. മനോഹരൻ (ഗവ. കോളേജ് ടീച്ചേഴ്സ്)
12 പ്രൊഫ. കുഞ്ഞികൃഷ്ണൻ

**സ: ജി. സോമശേഖരൻ നായർ വിജയിച്ചു.**

കേരള കാർഷിക സർവ്വകലാശാലാ കൗൺസിലിലേക്ക് കേരള സർവ്വകലാശാലാ സെനററിൻെറ പ്രതിനിധിയായി സ: ജി. സോമശേഖരൻ നായർ തിരഞ്ഞെടുക്കപ്പെട്ടു. കേരള സർവ്വകലാശാലാ ജീവനക്കാരുടെ സംഘടനയുടെ നേതാവായിരുന്ന ഇദ്ദേഹം. ഇപ്പോാം ദേശാഭിമാനി തിരുവനന്തപുരം എഡിഷൻെറമാനേജരാണ്.

# വാർത്തകൾ

## കോട്ടക്കൽ ആയുർവേദകോളേജിൽ എ കെ പി സി ടി എ ബ്രാഞ്ച് രൂപീകരിച്ചു.

1989 ഫെബ്രുവരി 18 ാം തീയതി കോട്ടക്കൽ ആയുർവേദ കോളേജിൽ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ വി. നാരായണൻ കുട്ടിയുടെ അധ്യക്ഷത യിൽ ചേർന്ന യോഗത്തിൽ ആയുർവേദ കോളേജിലെ മുഴുവൻ അധ്യാപകരും എ കെ പി സി ടി എ മെമ്പർഷിപ്പ് സ്വീകരിക്കുകയുണ്ടായി. യോഗത്തിൽ ഡോ. ഹരിദാസ് സ്വാഗതം ആശംസിച്ചു. കോഴിക്കോട് യൂണിവേഴ്സിററി സിണ്ടിക്കേററ് അംഗം പ്രൊഫ ജി.മാധവൻ നായർ, എ കെ പി സി ടി എ സംസ്ഥാന സെക്രട്ടറി പ്രൊഫ.എം.സലീം ജില്ലാസെക്രട്ടറി പി. മമ്മത് എന്നിവർ യോഗത്തിൽ സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. ബ്രാഞ്ചിന്റെ ഭാവി പ്രവർത്തനങ്ങൾക്കായി 7 അംഗങ്ങളുള്ള ഒരു അഡ്ഹോക്ക് കമ്മിററി രൂപീകരിച്ചു. 1)ഡോ.സി.എ.രവി; 2) ഡോ. പി. കെ. നാരായണശർമ്മ 3) ശ്രീ. എം. പത്മനാഭൻ നായർ 4) ശ്രീമതി. ടി. കെ. രാധാലക്ഷ്മി 5) ഡോ. വിദ്യാസാഗർ 6) ഡോ. ററി. ജി.മനോഹരൻ 7)ഡോ.പി.കെ സുജാത എന്നിവരാണ് അഡ്ഹോക്ക് കമ്മിററി അംഗങ്ങൾ.

## എൻജിനീയറിംഗ് കോളേജധ്യാപകരുടെ പ്രശ്നങ്ങൾ–ഗവൺമെൻറുമായി ചർച്ച

പ്രൈവററ് എൻജിനീയറിംഗ് കോളേജ് അധ്യാപകരെ ഉപരിപഠനത്തിന് QIPയിൽ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് ഉന്നത വിദ്യാഭ്യാസസെക്രട്ടറി 15-3-89ന് ഒരു കോൺഫ്രറൻസ് വിളിച്ചുകൂട്ടുകയുണ്ടായി M.Tech,Ph.D കോഴ്സുകളക്ക് QIP പ്രകാരം പ്രൈവററ് എൻജിനീയറിംഗ് കോളജുകളിൽ നിന്നും അധ്യാപകരെ തെരഞ്ഞെടുക്കുന്നതിന് നിലവിലിരിക്കുന്ന അശാസ്ത്രീയമായ രീതി മാററണമെന്ന് എ കെ പി സി ടി എ പ്രതിനിധികൾ ചർച്ചയിൽ ആവശ്യപ്പെട്ടു. മൂന്ന് എൻജിനീയറിംഗ് കോളേജുകളിൽ നിന്നും ഓരോ വിഷയത്തിലും ഓരോ അധ്യാപകരെ വീതം QIP പ്രകാരം തെരഞ്ഞെടുക്കുന്നതിനുള്ള നിബന്ധനകൾ (norms) ഉണ്ടാക്കാമെന്ന് ചർച്ചയിൽ തീരുമാനമായി. Non-Engineering, Engineering വിഷയങ്ങളിൽ നിന്ന് Ph Dക്ക് അധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുള്ള അനുപാതം 1:2 ആയിരിക്കണമെന്ന് എ കെ പി സി ടി എ പ്രതിനിധികൾ നിർദേശിച്ചതും അംഗീകരിക്കുകയുണ്ടായി. ചർച്ചയിൽ എ കെ പി സി ടി എ പ്രതിനിധീകരിച്ച് പ്രൊഫ. എസ്. വിശ്വനാഥൻ (വൈസ് പ്രസിഡണ്ട്) പ്രൊഫ ററി.എൻ. രാമൻപിള്ള (സെക്രട്ടറി) ശ്രീ വാസുദേവൻ (എൻ. എസ്. എസ്.എൻജിനീയറിംഗ്കോളേജ്, പാലക്കാട്) ശ്രീ.ജെ. സുരേശൻ (ടി.കെ. എം. എൻജിനീയറിംഗ് കോളേജ്,കൊല്ലം) എന്നിവർ പങ്കെടുത്തു.

## യാത്രഅയപ്പ്

തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിൽ നിന്നും പി. എസ്.സി. നിയമനം ലഭിച്ചു് പാലക്കാട് ഗവ: വിക്ടോറിയ കോളേജിലേക്ക് പോകുന്ന എ കെ

പി സി ടി എ യുടെ സജീവ പ്രവർത്തകനായ ശ്രീ. കെ. മുഹമ്മദ് ഹനീഫക്ക് എ കെ പി സി ടി എ ബ്രാഞ്ച് സമുചിതമായ യാത്ര അയപ്പു നല്കി. 2-3-'89 ന് ചേർന്ന യാത്ര അയപ്പു യോഗത്തിൽ പ്രസിഡണ്ട് സി. അബ്ദുറഹ്മാൻ ആദ്ധ്യക്ഷം വഹിച്ചു. ജില്ലാ സെക്രട്ടറി പി. മമ്മത്, പ്രൊഫ. എം. എം. ബഷീർ എന്നിവർ സംസാരിച്ചു.

## മഞ്ചേരി എൻ എസ് എസ് കോളേജ് കൗൺസിൽ

മഞ്ചേരി എൻ എസ് എസ് കോളേജ് കൗൺസിലിൽ മൂന്ന് അധ്യാപക പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനായി 21-2-89ൽ നടന്ന വാശിയേറിയ തിരഞ്ഞെടുപ്പിൽ എ കെ പി സി ടി എ യുടെ മൂന്ന് സ്ഥാനാർത്ഥികളും വൻഭൂരിപക്ഷത്തോടെ വിജയിച്ചു. പ്രൊഫ എ. ശിവരാമൻ, ശ്രീ. കെ. കെ. ബാലചന്ദ്രൻ, ശ്രീ. കെ. ആർ നാരായണൻ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

## എൻ എസ് എസ് കോളേജ് ടീച്ചേഴ്സ് കോ ഓർഡിനേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ യാത്ര അയപ്പ്

സുദീർഘവും പ്രശസ്തവുമായ സേവനത്തിനു ശേഷം വിവിധ എൻ എസ് എസ് കോളേജുകളിൽ നിന്ന് വിരമിക്കുന്ന പ്രൊഫ. ഇ. ഗോപികൃഷ്ണൻ (ഒററപ്പാലം), പ്രൊഫ. ബി. മാധവിക്കുട്ടി (എം. ജി. കോളേജ്, തിരുവനന്തപുരം) പ്രൊഫ. എം. കെ. ഗംഗാധരൻ (വി. ടി. എം. എൻ എസ് എസ് ധനുവച്ചപുരം) പ്രൊഫ കെ. പി. ബാലകൃഷ്ണപിള്ള (മട്ടന്നൂർ) പ്രൊഫ. ജി. രാജശേഖരൻ നായർ (കൊട്ടിയം) എന്നിവർക്ക് എൻ എസ് എസ് കോളേജ് ടീച്ചേഴ്സ് കോ ഓർഡിനേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒററപ്പാലം എൻ. എസ്. എസ്. കോളേജിൽ സമുചിതമായ യാത്ര അയപ്പു നല്കി.

പ്രസിഡണ്ട് പി. എസ്. പണിക്കരുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എ കെ പി സി ടി എ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. വി. നാരായണൻ കുട്ടി. ജന: സെക്രട്ടറി പി. നരേന്ദ്രൻ സിണ്ടിക്കേററ് മെമ്പർ ജി. മാധവൻ നായർ പ്രിൻസിപ്പൽ ശ്രീറാംമേനോൻ, പ്രൊഫ. എം. സലീം, പ്രൊഫ. കെ. സുലോചന, ശ്രീ. കെ. ആർ. കൃഷ്ണൻ കുട്ടി എന്നിവർ ആശംസാ പ്രസംഗം നടത്തി. പ്രൊഫ. കെ. വിജയകൃഷ്ണൻ സ്വാഗതവും എ. സേതുമാധവൻ നന്ദിയും പറഞ്ഞു.

പ്രൊഫ. ഇ. ഗോപികൃഷ്ണൻ സർവ്വീസിൽ നിന്നും പിരിയുന്നവർക്ക് വേണ്ടി മറുപടി പ്രസംഗം നടത്തി.

## സിൻഡിക്കേററിൽ എത്തുന്ന ആദ്യത്തെ വിദ്യാർത്ഥിനി

കേരളാ സർവ്വകലാശാല സിണ്ടിക്കേററിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ട കുമാരി സി. എസ്. സുജാത സിൻഡിക്കേററിലേയ്ക്കു വരുന്ന ആദ്യത്തെ വിദ്യാർത്ഥിനിയാണ്.

തിരുവനന്തപുരം ലോ അക്കാഡമി ലാ കോളേജിൽ L. L. B. കോഴ്സിനു പഠിക്കുന്ന സുജാത ആലപ്പുഴ സ്വദേശിനിയാണ്. S.F.I. യുടെ സംസ്ഥാന സെക്രട്ടറിയേററ് അംഗവും അഖിലേന്ത്യാമഹിളാ ഫെഡറേഷന്റെ ആലപ്പുഴ ജില്ലാ ഘടകം സെക്രട്ടറിയുമാണവർ.

# സർവ്വീസിൽ നിന്നും വിരമിച്ചു

*പ്രൊഫ. ടി.കെ രാമകൃഷ്ണൻനായർ*

പെരുമ്പാവൂർ ശ്രീശങ്കരവിദ്യാപീഠം കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ടി. കെ. രാമകൃഷ്ണൻ നായർ സംഘടനാ പ്രവർത്തകർക്കിടയിൽ സുപരിചിതനാണ്. പ്രിൻസിപ്പലായിട്ടും സംഘടനാ പ്രവർത്തനം സജീവമായിത്തുടർന്നയാളാണ് അദ്ദേഹം. വിരമിക്കമ്പോഠം സംസ്ഥാന കൗൺസിൽ അംഗമായിരുന്നു. ആദ്യകാലംമുതൽക്കേ സംഘടനയുടെ എല്ലാ സമരമുഖങ്ങളിലും പങ്കെടുത്തിട്ടുള്ള അദ്ദേഹം സംഘടന ഏൽപിക്കുന്ന എല്ലാ ജോലികളും കൃത്യമായി നിർവഹിച്ചിരുന്നു. സംഘടനയുടെ സംസ്ഥാന റിട്ടേണിംഗ് ഓഫീസറായിട്ടുള്ള ഭാരിച്ച ജോലി പലതവണ അദ്ദേഹം ഭംഗിയായി നിർവഹിക്കുകയുണ്ടായി.

കോളേജിലും, സംസ്ഥാന സമ്മേളനത്തിലും നടന്ന യാത്ര അയപ്പു വേളകളിൽ പ്രൊഫ. രാമകൃഷ്ണൻ നായരുടെ സേവനങ്ങഠം പ്രത്യേകം പരാമർശിക്കപ്പെട്ടു. കുറെക്കൂടി വിശാലമായ പ്രവർത്തന മണ്ഡലത്തിൽ തുടർന്നു പ്രവർത്തിക്കണമെന്ന് അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. ഭാവി പ്രവർത്തനങ്ങളിൽ എല്ലാ വിജയങ്ങളും പ്രൊഫ. രാമകൃഷ്ണൻനായർക്ക് എ.കെ.പി. സി. ടി. എ നേരുന്നു.

*പ്രൊഫ. ഇ. ഗോപീകൃഷ്ണൻ*

ഒമ്പതിലധികം എൻ. എസ്. എസ് കോളേജുകളിൽ ഇരുപത്തിഒമ്പതു വർഷത്തോളം കായിക വകുപ്പുമേധാവിയായി പ്രശസ്ത സേവനം നടത്തിയ പ്രൊഫ. ഇ. ഗോപീകൃഷ്ണൻ 1989 മാർച്ച് 31 ന് ഒററപ്പാലം എൻ. എസ്. എസ്. കോളേജിൽ നിന്നും വിരമിച്ചു. എ കെ പി സി ടി എ ക്കു വേണ്ടി ത്യാഗപൂർണ്ണമായ പ്രവർത്തനമായിരുന്നു അദ്ദേഹം നടത്തിയിരുന്നത്.

കേരള കായിക രംഗത്ത് പരക്കെ അറിയപ്പെടുന്ന വ്യക്തിയാണ് പ്രൊഫ. ഗോപീകൃഷ്ണൻ. അമച്വർ അത്‌ലററിക് അസോസിയേഷന്റെ മുൻ ജോയിൻറ് സെക്രട്ടറിയാണ്. ഇപ്പോഠം വൈസ് പ്രസിഡൻറായി പ്രവർത്തിക്കുന്നു. 1982ൽ ഡൽഹിയിൽ നടന്ന 9-ാം ഏഷ്യൻ ഗയിംസിൽ അത്‌ലററിക് ഒഫിഷ്യലായിരുന്നു. കൂടാതെ 1985 ൽ ജക്കർത്തയിൽ നടന്ന ഏഷ്യൻ ട്രാക്ക് ആൻറ് ഫീൽഡ് മീററിൽ ഇന്ത്യൻ അമച്വർ അത്‌ലററിക് അസോസിയേഷന്റെ പ്രതിനിധിയുമായിരുന്നു.

1961 മുതൽ എ കെ പി സി ടി എ അംഗമായ പ്രൊഫ. ഗോപീകൃഷ്ണൻ സംഘടന നടത്തിയ എല്ലാ സമരങ്ങളിലും പ്രധാനപ്പെട്ട പങ്കുവഹിച്ചിട്ടുണ്ട്. സംഘടനാ പ്രവർത്തനത്തിന്റെ പേരിൽ മാനേജുമെൻറിൽ നിന്നും നിരന്തരമായ പീഡനങ്ങഠം അദ്ദേഹത്തിന് ഏൽക്കേണ്ടിവന്നു.

എൻ. എസ്. എസ്. കോളേജ് ടീച്ചേർസ് കോ-ഓർഡിനേഷനും ഒററപ്പാലം പൗരാവലിയും സംഘടനയുടെ സംസ്ഥാന കൗൺസിലും പ്രൊഫ ഗോപീകൃഷ്ണന് സ്നേഹനിർഭരമായ യാത്ര അയപ്പുനൽകി. □

# സർവ്വീസിൽ നിന്നും വിരമിച്ചു

*പ്രൊഫ. തോമസ് വി. ലൂക്ക്*

*പ്രൊഫ. കെ. സി. ജോർജ്*

കൊല്ലം ഫാത്തിമാ കോളേജിൽ നിരവധി പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള പ്രൊഫ. തോമസ് വി. ലൂക്ക്, പ്രൊഫ. കെ. സി. ജോർജ് എന്നിവർ സർവീസിൽ നിന്നും വിരമിച്ചു. എ കെ പി സി ടി എ യുടെ സമര ചരിത്രത്തിലെ സുപ്രധാന സന്ദർഭമാണ് ഫാത്തിമാ സമരം. ഫാത്തിമയിൽ നിന്നും പിരിച്ചുവിട്ട അധ്യാപകരെ സംഘടനാ ശക്തികൊണ്ട് തിരിച്ചെടുപ്പിക്കാൻ നമുക്ക് കഴിഞ്ഞു. ആ സമരത്തിലും സംഘടന നയിച്ചിട്ടുള്ള മറ്റെല്ലാ സമരങ്ങളിലും മുന്നിട്ടുനിന്നു പ്രവർത്തിച്ചിട്ടുള്ള പ്രൊഫ. തോമസ് വി. ലൂക്കിനും, പ്രൊഫ. കെ. സി. ജോർജിനും സംഘടനാ പ്രവർത്തകർ സ്നേഹോഷ്മളമായ യാത്ര അയപ്പു നൽകി. സമ്മേളനത്തിൽ ശ്രീ. ജി. സുധാകരൻ (സിൻറി:അംഗം) പ്രൊഫ.പി.നരേന്ദ്രൻ (സിൻറി: അംഗം) ഡോ. സി. കെ.ജി. നായർ, പ്രൊഫ. ബലറാം മൂസത്, സി. ഭാസ്കരൻ, തോപ്പിൽ ഗോപാലകൃഷ്ണൻ,കൊട്ടാ ഗോപാലകൃഷ്ണൻ, ശാസ്താംകോട്ട ലിയോൺസ്, തോമസ് കുട്ടി, ജയപ്രകാശ്, പ്രൊഫ. കെ. ആർ സുരേന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു. പ്രൊഫ. എ. ആൻറണി അധ്യക്ഷനായിരുന്നു. പ്രൊഫ. പി. ഗോപിക്കുട്ടൻ സ്വാഗതവും പ്രൊഫ. ജെ. ജയിംസ് കൃതജ്ഞതയും പറഞ്ഞു.

*പ്രൊഫ. ജോസഫ് ജേക്കബ്*

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ എ കെ പി സി ടി എ ബ്രാഞ്ചിൻെറ ആദ്യകാല പ്രസിഡൻറും പലതവണ സംസ്ഥാന കൗൺസിൽ അംഗവുമായിരുന്ന പ്രൊഫ.ജോസഫ് ജേക്കബ് സർവീസിൽ നിന്നും വിരമിച്ചു. ഡയറക്ട് പേമെൻറ് സമരമുൾപ്പെടെ സംഘടന നടത്തിയിട്ടുള്ള എല്ലാ സമരങ്ങളിലും ഇദ്ദേഹം പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

*പ്രൊഫ. ആർ. ബാലകൃഷ്ണപിള്ള*

ശാസ്താംകോട്ട ദേവസ്വംബോർഡ് കോളേജ് അധ്യാപകനും സംഘടനയുടെ സജീവ പ്രവർത്തകനുമായിരുന്ന പ്രൊഫ.ആർ ബാലകൃഷ്ണപിള്ള സർവീസിൽനിന്നും വിരമിച്ചു, സംഘടനയുടെ ശാസ്താംകോട്ട ബ്രാഞ്ച്,പ്രൊഫ. ബാലകൃഷ്ണപിള്ളയ്ക്ക് സമുചിതമായ യാത്രയയപ്പുനൽകി. യോഗത്തിൽ പ്രൊഫ. കെ. എൽ. വരാഹൻ അധ്യക്ഷത വഹിച്ചു. പ്രൊഫ. ആർ. കല്യാണ സുന്ദരം, പ്രൊഫ. എസ്. എസ്. ബി. ആർ. പ്രസാദ്, പ്രൊഫ. വി. ലളിതമ്മ എന്നിവർ സംസാരിച്ചു, പ്രൊഫ. എം കരുണാകരൻ സ്വാഗതവും, പ്രൊഫ. എൻ. ഹരിമോഹനൻ പിള്ള കൃതജ്ഞതയും പറഞ്ഞു. യാത്രയയപ്പിന് പ്രൊഫ. ബാലകൃഷ്ണപിള്ള നന്ദിരേഖപ്പെടുത്തി. □

# സംഘടനാവാർത്തകൾ

## പ്രവർത്തക സമിതിയിലേയ്ക്കു നോമിനേററു ചെയ്തു

പ്രൊഫ. എം. സലിം. (ഫറൂക് കോളേജ്) പ്രൊഫ. ബി. രാധാകൃഷ്ണൻ (എം എസ് എം കായംകുളം) ഡോ പി. എസ്. പണിക്കർ (എൻ. എസ്. എസ്. നെന്മാറ) പ്രൊഫ. എൻ. ഹരിമോഹനൻപിള്ള (ഡി. ബി ശാസ്താംകോട്ട) പ്രൊഫ. എൻ. ചന്ദ്രശേഖരൻ നായർ (എസ്.ഡി.ആലപ്പുഴ) പ്രൊഫ. കെ. സദാശിവൻ നായർ (എൻ. എസ്. എസ്. വാഴൂർ) എന്നിവരെ പ്രവർത്തക സമിതിയിലേക്ക് നോമിനേററു ചെയ്തു.

**ജേർണൽ**

കേരള പ്രൈവററ് കോളേജ് ടീച്ചറിന്റെ ചീഫ് എഡിറററായി ജനറൽ സെക്രട്ടറി പ്രൊഫ. ജി. മാധവൻനായരേയും എഡിറററായി പ്രൊഫ. വി. എൻ. മുരളിയേയും പ്രവർത്തകസമിതി നോമിനേററു ചെയ്തു. പ്രൊഫ. കെ. പി ദിവാകരൻ നായരാണ് മാനേജിംഗ് എഡിററർ. ഇവരെ കൂടാതെ പത്രാധിപസമിതിയിലേക്ക് പ്രൊഫ. വി. നാരായണൻകുട്ടി, പ്രൊഫ. പി. നരേന്ദ്രൻ, പ്രൊഫ. പി. ജി. ചന്ദ്രശേഖരൻ നായർ പ്രൊഫ. ആർ. രമാകാന്തൻ, പ്രൊഫ. ആർ. രവീന്ദ്രൻ നായർ എന്നിവരേയും നോമിനേററു ചെയ്തു.

## ലയ്സൺ ഓഫീസറന്മാർ

| | | |
|---|---|---|
| കാലിക്കട്ട് യൂണിവേഴ്സിററി | : | പ്രൊഫ. എം. സലിം (ഫറൂക് കോളേജ്, ഫറോക്, കാലിക്കട്ട്) |
| കേരള ,, | : | പ്രൊഫ. എസ്. വിശ്വനാഥൻ (എസ്. എൻ. വർക്കല) |
| മഹാത്മാഗാന്ധി ,, | : | പ്രൊഫ. ജോർജ് സെബാസ്ററ്യൻ (കെ. ഇ. കോളേജ്, മാന്നാനം) |
| ഗവ: സെക്രട്ടേറിയററ് | : | പ്രൊഫ. ടി. എൻ. രാമൻപിള്ള (വി. ടി എം. എൻ. എസ്. എസ്, ധനുവച്ചപുരം) |
| ഡി. സി. ഇ. | : | പ്രൊഫ. കെ. പി. ദിവാകരൻനായർ (എൻ. എസ്. എസ്. ധനുവച്ചപുരം) |
| ഡെ. ഡി. സി. ഇ. | : | |
| കൊല്ലം | : | പ്രൊഫ. പി. ഹരിദാസ് (എസ്. എൻ. പുനലൂർ) |
| കോട്ടയം | : | പ്രൊഫ. കെ. ജെ. ജോൺ (ബസേലിയസ് കോളേജ്) |
| തൃപ്പൂണിത്തുറ | : | പ്രൊഫ. സലിംകുമാർ (എസ്. എൻ. എം. മാല്യങ്കര) |
| തൃശൂർ | : | പ്രൊഫ. എ. എം. കൃഷ്ണൻ (എസ്. എൻ. നാട്ടിക) |
| കാലിക്കട്ട് | : | പ്രൊഫ. പി. ടി. ലത്തീഫ് (ഫറൂക് കോളേജ്) |

# പി സി ടി എ-എം ആർ സി ഗ്രൂപ്പുകളിൽ നിന്നും രാജിവച്ച് എ കെ പി സി ടി എ യിൽ ചേർന്നു.

കാലടി ശ്രീ ശങ്കരാ കോളേജിലെ പി. സി. ടി. എ. യിൽനിന്നും യൂണിറ്റ് പ്രസിഡസൻറ് പ്രൊഫ:എം.കെ. രവിയുടെ നേതൃത്വത്തിൽ ഇരുപത് അധ്യാപകർ രാജിവച്ച് എ കെ പി സി ടി എയിൽ ചേർന്നു. പി സി ടി എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ: കെ ജി പത്മനാഭപിള്ളയുടെ അധ്യാപക വിരുദ്ധനയത്തിൽ പ്രതിഷേധിച്ചാണ് രാജി ഉണ്ടായത്. ചെറിയ ഗ്രൂപ്പുകളായി നിൽക്കുന്നത് അധ്യാപക താല്പര്യത്തെ അപകടപ്പെടുത്തുമെന്നു ബോധ്യമായതിനാൽ ഈ കോളേജിലെ എം ആർ സി ഗ്രൂപ്പിൻെറ യൂണിറ്റ് പ്രസിഡൻറ് പ്രൊഫ: വി. രാഘവൻപിള്ളയുടെ നേതൃത്വത്തിൽ യൂണിറ്റ് സെക്രട്ടറിയടക്കം ആറ് അധ്യാപകരും രാജിവച്ച് എ കെ പി സി ടി എ യിൽ ചേർന്നു. മാർച്ച് പതിനഞ്ചാംതീയതി കോളേജിൽ കൂടിയ യോഗത്തിൽ പ്രൊഫ: പി. നരേന്ദ്രൻ ഇവർക്ക് അംഗത്വം നൽകി സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്തു. മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റംഗം പ്രൊഫ: ജോയികുളവേലിയും യോഗത്തിൽ സംബന്ധിച്ചിരുന്നു □

---

Restriction on transfer of private college staff elected to local bodies: 22-2-1989

Directorate of Collegiate Education, Trivandrum, Dated 22-2-1989

No. Esst. DI-5666/89/Coll. Edn.

CIRCULAR

*Sub:-* Establishment - Collegiate Education-private colleges-private college staff elected as members/councillors of local bodies transfer-Reg:

*Ref:-* Govt. Letter No. 2341/D2/H. Edn. dt. 27-1-89.

A large number of private college staff have been elected as councillors/members of local bodies. It some times happens that those teachers are transferred out of their station to far away places. This naturally creates difficulties for them to perform their duties as representatives of the peoples in the respective local body.

In the light of Government letter cited, I request that private college staff elected as Members/Councillors of local bodies may not be transferred from their jurisdiction as far as possible.

In the above circumstances the Educational agencies/Managements of Priavte colleges which come under the 'D. P. Scheme' are requested to adhere to the above instructions in future.

Sd/-

Deputy Director

For Director of Collegiate Education.

## സർവ്വീസിൽനിന്നും വിരമിച്ചവർ:

പ്രൊഫ. എൻ എം പൗലോസ് (നിർമ്മല കോളേജ്, മൂവാററുപുഴ) പ്രൊഫ. ജോസഫ് ജേക്കബ് (ക്രിസ്ത്യൻ കോളേജ്, ചെങ്ങന്നൂർ) പ്രൊഫ. ജി. രാജശേഖരൻനായർ (എൻ എസ് എസ് കോളേജ് കൊട്ടിയം) പ്രൊഫ. പി എം. പത്രോസ് (നിർമ്മല കോളേജ്, മൂവാററുപുഴ)



---

### സ്പെഷ്യൽ ഡിസെബിലിററി ലീവ്

1988 ഏപ്രിൽ–മേയ് കേരള യൂണിവേഴ്സിററി പരീക്ഷയ്ക്ക് കൊട്ടിയം എൻ എസ് എസ് കോളേജിൽ പരീക്ഷാ സൂപ്പർ വിഷൻ ജോലിയിൽ ഏർപ്പെട്ടിരുന്ന. പ്രൊഫ. ചന്ദ്രശേഖരൻ നായരെ സാമൂഹ്യ ദ്രോഹികളായ ചിലർ കോളേജ് കാമ്പസിൽ വച്ച് ആക്രമിച്ച് ദേഹോപദ്രവമേല്പിക്കുകയുണ്ടായി. ഇദ്ദേഹത്തിന് കൊല്ലം ഗവ. ഹോസ്പിററലിലെ ചികിത്സക്കും അതിനു ശേഷം ആയുർവ്വേദ ചികിത്സക്കും വിധേയനാകേണ്ടി വന്നു. ചികിത്സാ കാലയളവ് സ്പെഷ്യൽ ഡിസെബിലിററി ലീവായി അനുവദിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൻെറ കോപ്പി താഴെ ചേർക്കുന്നു.

### GOVERNMENT OF KERALA
### ABSTRACT

Private College-M. M. N S S College Kottiyam-Shri K. Chandrasekharan Nair, Professor of Physics-Special Disability Leave - Granted-Orders issued.

---

### HIGHER EDUCATION (D) DEPARTMENT

GO (Nt)91/89/H. Edn. Dated, 17-1-89, Trivandrum

---

Read:- Letter number 31 Estt. D1 51092/88 dated 4-10-88 and 1-12-88 from the Director of Collegiate Education, Trivandrum.

### ORDER

In the Circumstances reported by the Director of Collegiate Education, Government are pleased to sanction Special Disability Leave to Shri K. Chandrasekharan Nair, Professor, M. M. N S S College, Kottiyam, for a period of 43 days from 1-6-1988 to 13-7-1988 with permission to prefix the Summer vacation under Rule 97 part I Kerala Service Rule.

2. The Medical Certificate dated 4-3-88 is returned here with to the Director of Collegiate Education, Trivandrum.

(By Order of the Governor)
K. F. THRESIAMMA
Under Secretary to Govt.

**Kerala Private College Teacher**

monthly journal of the all kerala private college teachers' association
No. 88 R. No. M-36025/81 Registered No. KLTV (N) 35

## ഐഫക്ടോ സമ്മേളനം

### പ്രൊഫ. എസ്. വിശ്വനാഥൻ വൈസ് പ്രസിഡന്റ്

മധുരയിൽ ജൂൺ പത്തു മുതൽ പന്ത്രണ്ടുവരെ നടന്ന ഐഫക്ടോ സമ്മേളനത്തിൽ എ കെ പി സി ടി എ—എ കെ ജി സി ടി പ്രതിനിധികൾ പങ്കെടുത്തു. എ കെ പി സി ടി എ വൈസ് പ്രസിഡന്റ് പ്രൊഫ. എസ് വിശ്വനാഥൻ ഐഫക്ടോ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞവർഷം സംഘടനയുടെ സംസ്ഥാന ട്രഷററായിരുന്ന പ്രൊഫ. വിശ്വനാഥൻ വർക്കല എസ്.എൻ. കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറാണ്.

### അധ്യാപകർക്ക് കൂടുതൽ സംരക്ഷണം

ലീവ് വേക്കൻസിയിൽ നിയമിക്കപ്പെടുന്ന അധ്യാപകരെ സ്ഥിരം വേക്കൻസി വന്നാൽ അതിലേയ്ക്ക് നിയമിക്കുന്നതിനും അവർ സർവ്വീസിലിരിക്കെത്തന്നെ കൂടുതൽ ദൈർഘ്യമുള്ള/സ്ഥിരം വേക്കൻസികളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിനും വേണ്ടിയുള്ള ബില്ല് നിയമസഭ പാസ്സാക്കി. ഇതിന് 1974 മുതലുള്ള മുൻകാല പ്രാബല്യവും ഉണ്ട്.

printed and published by v. narayanankutty at chempaka printers
trivandrum-4 phone 82127 chief editor k. sukumaran nair.